# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 സെപ്റ്റംബർ 11 | ദീപം 58 | നാളം 27 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

## ഇന്ത്യൻജനാധിപത്യം അട്ടിമറിക്കപ്പെടുന്നുവോ?

പതിനൊന്നു രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കാനാണാവശ്യപ്പെട്ടതെങ്കിലും ബീഹാറിലെ വലിയ ഒരു വിഭാഗം ആളുകൾക്കും ഉള്ള രേഖകളായിരുന്നില്ല കമ്മീഷൻ ചോദിച്ചത്. ആധാർകാർഡ്, റേഷൻകാർഡ്, വോട്ടർകാർഡ് എന്നിവയൊന്നും കമ്മീഷനു സ്വീകാര്യമായിരുന്നില്ല.








ഡിജോ കാപ്പൻ

പേജ് – 03

## യുദ്ധങ്ങൾ അവസാനിക്കുന്നില്ല

ഗാസയിലെ യുദ്ധം ഒരു ഭീകരപ്രസ്ഥാനവുമായിട്ടാണെങ്കിൽ യുക്രെയ്ൻ യുദ്ധം രണ്ടു പരമാധികാരരാഷ്ട്രങ്ങൾ തമ്മിലാണെന്ന വ്യത്യാസമുണ്ട്.





തോമസ് കുഴിഞ്ഞാലിൽ

പേജ് – 02

## പഠിപ്പിച്ചാൽ മാത്രം പോരാ; സ്വയം പാഠപുസ്തമാകണം

സെപ്റ്റംബർ 5 അധ്യാപകദിനം




പേജ് – 09



അധ്യ. ചാർളി പോൾ

## പിയേർ ജോർജിയോ ഫ്രസാത്തിയും കാർളോ അക്യൂട്ടിസും വിശുദ്ധരുടെ ഗണത്തിലേക്ക്



പിയേർ ജോർജിയോ ഫ്രസാത്തി

സ്വന്തം ഓവർകോട്ടുപോലും തണുപ്പുകാലത്ത് പാവപ്പെട്ടവന് ഊരിക്കൊടുക്കുകയും ട്രെയിനിൽ മൂന്നാം ക്ലാസിൽ മാത്രം യാത്ര ചെയ്യുകയും ചെയ്ത പിയർ ജോർജിയോ ആരും അറിയാതെ ആധ്യാത്മിക ജീവിതത്തിന്റെ ഉച്ചിയിലേക്ക് കയറുകയായിരുന്നു.



കാർളോ അക്യൂട്ടിസ്

മാലിന്യത്തിലൂടെ കടന്നുപോയാലും പ്രകാശം മലിനമാകുന്നില്ല. ഇതാണ് കാർലോയുടെ ജീവിതം ലോകത്തിനു നൽകുന്ന സന്ദേശം.



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

പേജ് – 04



മേരി സെബാസ്റ്റ്യൻ

പേജ് – 06

# ഇന്ത്യൻജനാധിപത്യം അട്ടിമറിക്കപ്പെടുന്നുവോ?

■ ഡിജോ കാപ്പൻ

ഭരണഘടനാസ്ഥാപനമായ കേന്ദ്രതിരഞ്ഞെടുപ്പുകമ്മീഷന്റെ പ്രവർത്തനത്തെക്കുറിച്ച് സ്വതന്ത്രേന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ലോകസഭയിലെ പ്രതിപക്ഷനേതാവ് തെളിവുകളുടെ പിൻബലത്തോടെയും ഉത്തരവാദിത്വത്തോടെയും വോട്ടർപട്ടികയിലെ അസാധാരണക്രമക്കേടുകൾ തുറന്നുകാട്ടി ആരോപണമുന്നയിക്കുന്നത്. 2024 ലെ ലോകസഭാഇലക്ഷനിൽ ഇരുപത്തിയഞ്ചു മണ്ഡലങ്ങളിലെയെങ്കിലും ഫലം ഇതിലൂടെ അട്ടിമറിക്കപ്പെട്ടില്ലായിരുന്നെങ്കിൽ ഇന്ന് ഇന്ത്യ ഭരിക്കുക ബിജെപി ആകുമായിരുന്നില്ല എന്നു പറഞ്ഞതിൽ അതിശയോക്തി തോന്നാം. എന്നാൽ, ഇലക്ഷൻകമ്മീഷന്റെ നിരുത്തരവാദപരമായ വിശദീകരണങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിയുന്ന കാര്യം അങ്ങനെ സംഭവിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നാണ്.


ഇന്ത്യൻ പാർലമെന്ററി ജനാധിപത്യവ്യവസ്ഥിതിയിലെ അത്യന്തം നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട ഭരണഘടനാസ്ഥാപനമാണ് തിരഞ്ഞെടുപ്പുകമ്മീഷൻ. എന്നാൽ, ആ കമ്മീഷൻ കേന്ദ്രഭരണം നടത്തുന്ന രാഷ്ട്രീയകക്ഷിയുടെ വക്താവിനെപ്പോലെയാണ് ഉന്നയിക്കപ്പെടുന്ന പരാതികളോടും വിമർശനങ്ങളോടും പ്രതികരിച്ചുപോരുന്നത്. പ്രത്യേകിച്ചും ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ ഒരു സജീവരാഷ്ട്രീയക്കാരന്റെ ശൈലിയും ശരീരഭാഷയുമാണ് പ്രകടിപ്പിച്ചുകണ്ടത്. 2024 ൽ നടന്ന ലോകസഭാതിരഞ്ഞെടുപ്പ്, അതിനുശേഷം നടന്ന മഹാരാഷ്ട്ര, ഹരിയാന, ഡൽഹി നിയമസഭാതിരഞ്ഞെടുപ്പുകൾ എന്നിവയെക്കുറിച്ചൊക്കെ പ്രതിപക്ഷനേതാവും പ്രതിപക്ഷകക്ഷികളും ഉന്നയിച്ച പലതരത്തിലുള്ള പരാതികളും സംശയങ്ങളുമുണ്ട്. ഇരട്ടവോട്ടർമാർ, ഒരേ വിലാസത്തിൽ 60 ഉം 80 ഉം വോട്ടർമാർ, മേൽവിലാസമില്ലാത്ത വോട്ടർമാർ, ഫോട്ടോയില്ലാത്ത വോട്ടർമാർ ഇവയ്ക്കൊന്നും വ്യക്തവും സുതാര്യവുമായ മറുപടി നൽകാൻ ഇലക്ഷൻ കമ്മീഷന് ഇതുവരെ കഴിഞ്ഞിട്ടില്ല.

ബീഹാറിൽ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ വോട്ടർപട്ടിക പരിഷ്കരിക്കാനുള്ള തിരഞ്ഞെടുപ്പുകമ്മീഷന്റെ തിടുക്കവും ബീഹാറിലെ ജനങ്ങളെ വിശ്വാസത്തിലെടുക്കാതെയായിരുന്നു. അനധികൃതകുടിയേറ്റവും നുഴഞ്ഞുകയറ്റവും തടയാൻ എന്നവകാശപ്പെട്ടുകൊണ്ടാണ് ഈ ദൗത്യം തിരഞ്ഞെടുപ്പുകമ്മീഷൻ പ്രഖ്യാപിച്ചത്. 1950 ലെ ജനപ്രാതിനിധ്യനിയമപ്രകാരം വോട്ടർപട്ടിക പുതുക്കാനുള്ള യോഗ്യതാത്തീയതി അതതുവർഷം ജനുവരി ഒന്നായിരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ, ബീഹാറിൽ ഇപ്പോൾ നടക്കുന്ന സമഗ്രവോട്ടർപട്ടിക പുതുക്കലിനു യോഗ്യതാത്തീയതിയായി നിശ്ചയിച്ചിരിക്കുന്നത് ജൂലൈ ഒന്നാണ്. 2003 ജനുവരി ഒന്നിനാണ് ബീഹാറിൽ ഇതിനു മുമ്പത്തെ എസ്.ഐ.ആർ. പൂർത്തിയാക്കിയത്.

അതിനുശേഷം വോട്ടർപട്ടികയിൽ ഇടംനേടിയ 2.98 കോടി വോട്ടർമാർ അവരുടെ പൗരത്വം തെളിയിക്കുന്ന രേഖ ഹാജരാക്കണമെന്നാണ് കമ്മീഷൻ നിഷ്കർഷിച്ചത്. പതിനൊന്നു രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കാനാണാവശ്യപ്പെട്ടതെങ്കിലും ബീഹാറിലെ വലിയ ഒരു വിഭാഗം ആളുകൾക്കും ഉള്ള രേഖകളായിരുന്നില്ല കമ്മീഷൻ ചോദിച്ചത്. ആധാർകാർഡ്, റേഷൻകാർഡ്, വോട്ടർകാർഡ് എന്നിവയൊന്നും കമ്മീഷനു സ്വീകാര്യമായിരുന്നില്ല. അതുമൂലം വോട്ടർപട്ടിക പുതുക്കലിനുള്ള അപേക്ഷ പൂരിപ്പിച്ചുനൽകാനുള്ള സമയപരിധി അവസാനിച്ചപ്പോൾ പട്ടികയിൽനിന്നു പുറത്തായത് 35 ലക്ഷം പേരായിരുന്നു. ഒടുക്കം ആധാർകാർഡ് സ്വീകാര്യരേഖയായി അംഗീകരിക്കണമെന്ന് സുപ്രീംകോടതി തന്നെ നിർദേശിക്കുകയുണ്ടായി.

നേരത്തേ രാജ്യംമുഴുവൻ വിവാദവും ഭയപ്പാടും സൃഷ്ടിച്ച ദേശീയപൗരത്വരജിസ്റ്റർ (നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ്, എൻ.ആർ.സി.) പിൻവാതിൽവഴി നടപ്പാക്കാനുള്ള മുന്നോടിയാണ് അനവസരത്തിലെ പ്രത്യേകരീതിയിലുള്ള വോട്ടർപട്ടികപുതുക്കൽ എന്നു പ്രതിപക്ഷം സംശയിക്കുന്നുണ്ട്. എതിർപ്പും വിവാദങ്ങളും വകവയ്ക്കാതെ പശ്ചിമബംഗാളിലും ഡൽഹിയടക്കം പല സംസ്ഥാനങ്ങളിലും എസ്.ഐ.ആർ. ആരംഭിക്കാൻ തീരുമാനിച്ചതായും റിപ്പോർട്ടുകൾ വന്നിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ രാഷ്ട്രപതിയായിരുന്നു ഇലക്ഷൻ കമ്മീഷനംഗങ്ങളെ നിയമിക്കുന്നത്. 2014നുശേഷം ഇലക്ഷൻ കമ്മീഷൻ, ഭരിക്കുന്ന കക്ഷിയോട് അമിതവിധേയത്വം കാണിക്കുന്നു എന്ന വ്യാപകമായ വിമർശനങ്ങളെത്തുടർന്ന്, ഇലക്ഷൻ കമ്മീഷനെ ഭരണനേതൃത്വം ഏകപക്ഷീയമായി തീരുമാനിക്കുന്നത് സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പുപ്രക്രിയ തടസ്സപ്പെടുത്തും എന്ന പരാതി



യുമായി ചിലർ സുപ്രീംകോടതിയെ സമീപിപ്പിച്ചു. ഈ ഹർജികൾ ജസ്റ്റീസ് കെ.എം. ജോസഫ് അധ്യക്ഷനായ ഭരണഘടനാബഞ്ചിനു വിട്ടു. ഭരണഘടനാബഞ്ച് പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എന്നിവരുൾപ്പെട്ട മൂന്നംഗസമിതി ഇലക്ഷൻകമ്മീഷനെ നിശ്ചയിക്കുക എന്ന നിർദേശത്തോടെ 2023 മാർച്ച് 21 ന് വിധി പുറപ്പെടുവിച്ചു.

2024 ലോകസഭാഇലക്ഷൻ വരുന്ന പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ മൂന്നംഗസമിതിയിൽ സുപ്രീംകോടതി ചീഫ് ജസ്റ്റീസിനെ ഒഴിവാക്കി പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, പ്രധാനമന്ത്രി നാമനിർദേശം ചെയ്യുന്ന ഒരു കാബിനറ്റ് മന്ത്രി എന്നിവരുള്ള സമിതിവേണം ഇലക്ഷൻ കമ്മീഷനംഗങ്ങളെ നിർണയിക്കാൻ എന്ന വ്യവസ്ഥ ചെയ്യുന്ന നിയമം 2023 ഡിസംബറിൽ നടന്ന പാർലമെന്റ്സമ്മേളനത്തിൽ അവതരിപ്പിച്ചു പാസാക്കി. അതിനുശേഷം നിയമിതനായ ചീഫ് ഇലക്ഷൻ കമ്മീഷണറാണ് ഗ്യാനേഷ് കുമാർ. ജമ്മുകാശ്മീർ പുനഃസംഘടനാബിൽ തയ്യാറാക്കിയതും രാമജന്മഭൂമി ക്ഷേത്ര ട്രസ്റ്റ് രൂപീകരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചതും ആഭ്യന്തരവകുപ്പ് അഡീഷണൽ സെക്രട്ടറിയായിരിക്കെ ഗ്യാനേഷ്കുമാർ ആയിരുന്നുവെന്നത് അദ്ദേഹത്തിന്റെ രാഷ്ട്രീയവിധേയത്വത്തിന്റെ ആഴം വ്യക്തമാക്കുന്നുണ്ട്.

മഹാരാഷ്ട്രതിരഞ്ഞെടുപ്പിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി കഴിഞ്ഞവർഷമാണ് രാഹുൽഗാന്ധി വോട്ടെടുപ്പുക്രമക്കേടിനു നേരേ ആരോപണപരമ്പരകൾക്കു തുടക്കമിട്ടത്. ജയിച്ച തിരഞ്ഞെടുപ്പുകളെക്കുറിച്ച് രാഹുലും കോൺഗ്രസും പരാതിപ്പെടുന്നില്ലെന്നും ജനങ്ങൾ തോൽപിച്ച തിരഞ്ഞെടുപ്പുകളെക്കുറിച്ച് രാഹുലിനു സ്ഥിരം പരാതിയാണെന്നും പറഞ്ഞ് പരിഹസിക്കാനാണ് ബിജെപിയും ഇലക്ഷൻ കമ്മീഷനും ഒരേസ്വരത്തിൽ ശ്രമിച്ചത്. എന്തിന്, പരമോന്നതനീതിപീഠത്തിലെ ന്യായാധിപർക്കുപോലും തിരഞ്ഞെടുപ്പുപ്രക്രിയയിൽ നടക്കുന്ന അട്ടിമറിയുടെ ഗൗരവം വേണ്ടത്ര ബോധ്യമാവുന്നില്ലെന്നാണ് ബന്ധപ്പെട്ട പല വിധിന്യായങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

ആരോപണങ്ങൾക്കെല്ലാം ചട്ടപ്രകാരം സ്വയം സാക്ഷ്യപ്പെടുത്തി തെളിവു നൽകാനാണ് രാഹുൽഗാന്ധിയോട് ഇലക്ഷൻ കമ്മീഷൻ ആവശ്യപ്പെട്ടത്. എന്നാൽ, 2025 ഓഗസ്റ്റ് 7 ന് ഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനത്തു നടത്തിയ വാർത്താസമ്മേളനത്തിൽ രാഹുൽഗാന്ധി ഇലക്ഷൻ കമ്മീഷനെതിരേ ഉന്നയിച്ച ആരോപണങ്ങളെല്ലാം നൂറു ശതമാനവും ആർക്കും ബോധ്യമാകുന്ന തെളിവുകൾ നിരത്തിക്കൊണ്ടുള്ളതായിരുന്നു.

സ്വയം സാക്ഷ്യപ്പെടുത്തുന്ന തെളിവു നൽകണമെന്ന കമ്മീഷന്റെ വാദത്തിന് ആ പത്രസമ്മേളനവേദിയിൽ രാഹുൽ മറുപടി പറഞ്ഞിരുന്നു: "ഞാനൊരു രാഷ്ട്രീയക്കാരനാണ്. ജനസമക്ഷം അവതരിപ്പിച്ചത് കമ്മീഷന്റെതന്നെ രേഖയാണ്." മാസങ്ങളുടെ അധ്വാനംകൊണ്ടു ശേഖരിച്ച രേഖകൾ ഏഴടിപ്പൊക്കത്തിൽ ഉയർത്തിവച്ചുകൊണ്ട് ഉന്നയിച്ച കാര്യങ്ങളിൽ ഭരണകക്ഷിയുടെ സ്വന്തം മാധ്യമപ്രതിനിധികൾക്കുപോലും ഒരു പിഴവ് ചൂണ്ടിക്കാട്ടാനായില്ല.

ലോകസഭാതിരഞ്ഞെടുപ്പിൽ 33,000 വോട്ടിൽ താഴെ ഭൂരിപക്ഷത്തിൽ ബിജെപി വിജയിച്ച 25 സീറ്റുകളുണ്ടെന്ന് രാഹുൽ പറയുന്നു. എൻഡിഎ കഷ്ടിച്ചു ഭരണം നിലനിർത്തിയ 2024 ലെ തിരഞ്ഞെടുപ്പിൽ ഫലം നിർണയിച്ചതുതന്നെ ഈ മണ്ഡലങ്ങളാണ്. എട്ടിടത്ത് ഭൂരിപക്ഷം അയ്യായിരത്തിൽ താഴെയാണ്.

ബംഗളൂരു സെൻട്രൽ മണ്ഡലത്തിലെ ഉദാഹരണം രാഹുൽ വ്യക്തമാക്കിയതിങ്ങനെ: ഈ മണ്ഡലത്തിൽ പോൾ ചെയ്ത 13.18 ലക്ഷം വോട്ടിൽ 6.58 ലക്ഷം വോട്ട് ബിജെപിക്കും 6.26 ലക്ഷം വോട്ട് കോൺഗ്രസിനും ലഭിച്ചു. മണ്ഡലത്തിലെ എട്ടു നിയമസഭാസീറ്റുകളിലെ വോട്ടുകണക്കുകൾ വെവ്വേറെ പരിശോധിച്ചു. 8 ൽ 7 നിയമസഭാമണ്ഡലങ്ങളിലെ വോട്ടുകൾ കൂട്ടുമ്പോൾ കോൺഗ്രസിനു 82180 വോട്ടിന്റെ മുൻതൂക്കം. എന്നാൽ മഹാദേവപുരയിൽ മാത്രം ബിജെപിക്ക് 1,14,046 വോട്ടിന്റെ ഭൂരിപക്ഷം. ഇങ്ങനെ സംഭവിച്ചുകൂടെന്നില്ലെങ്കിലും രാഹുലിന്റെ ടീമിന്റെ അന്വേഷണങ്ങളിലും പരിശോധനകളിലും കണ്ടെത്തിയത് 11965 ഡ്യൂപ്ലിക്കേറ്റ് വോട്ടർമാർ, 40,009 വ്യാജവിലാസക്കാർ, 10,452 കൂട്ടമായി പാർക്കുന്ന വോട്ടർമാർ, വോട്ടർപട്ടികയിൽ വ്യക്തമായ ഫോട്ടോയില്ലാത്ത 4132 വോട്ടർമാർ എന്നിങ്ങനെ 1,00,250 പേരെ വ്യാജമായി ചേർത്തിരിക്കുന്നു എന്നാണ്. വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള വെബ്സൈറ്റ് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ടതായും കണ്ടെത്തി.

കർണാടകയിലെ ഒരു മണ്ഡലത്തെയാണ് ഉദാഹരണമാക്കിയതെങ്കിലും മഹാരാഷ്ട്രയിലും ഹരിയാനയിലും പിന്നാലെ നടന്ന നിയമസഭാതിരഞ്ഞെടുപ്പുകളിലും സമാനഅട്ടിമറിയാണെന്ന് കാര്യകാരണസഹിതം രാഹുൽ സമർഥിച്ചു. മഹാരാഷ്ട്രയിൽ അഞ്ചുവർഷംകൊണ്ട് ചേർത്തതിനെക്കാൾ വോട്ട് അഞ്ചുമാസംകൊണ്ട് ചേർക്കപ്പെട്ടതും വൈകിട്ട് അഞ്ചിനുശേഷം വൻതോതിൽ വോട്ടർമാർ ബൂത്തിലെത്തിയതും രാഹുൽ മുമ്പേതന്നെ പലതവണ ചൂണ്ടിക്കാട്ടിയിരുന്നു.

ഹരിയാനയിൽ കോൺഗ്രസ് പരാജയപ്പെട്ട എട്ടുസീറ്റുകളിൽ ബിജെപിയുമായുള്ള ആകെ വോട്ടുവ്യത്യാസം 22,779 വോട്ടു മാത്രമാണെന്നതും രാഹുൽ ഓർമിപ്പിക്കുന്നു. പരാതി ഉന്നയിക്കുന്നവരോട് തെളിവു നൽകാൻ ആവശ്യപ്പെടുന്ന ഇലക്ഷൻ കമ്മീഷൻ ഡിജിറ്റൽ വോട്ടർപട്ടിക, സിസിടിവി ദൃശ്യങ്ങൾ തുടങ്ങിയവയൊന്നും പുറത്തുവിടാൻ തയ്യാറല്ല. ഇതു ലഭിച്ചിരുന്നെങ്കിൽ സെക്കന്റുകൾകൊണ്ട് പരിശോധനകൾ നടക്കുമായിരുന്നു. വ്യാജവോട്ടുകൾ പെട്ടെന്നു കണ്ടെത്താൻ കഴിയുമായിരുന്നു. ഹരിയാനയിൽ സിസിടിവി ദൃശ്യങ്ങൾ ആവശ്യപ്പെട്ട് ഒരാൾ ഹരിയാന-പഞ്ചാബ് ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഇവ പരാതിക്കാരനു കൈമാറാൻ ഹൈക്കോടതി ഉത്തരവിട്ടു. ഈ ഉത്തരവു മറികടക്കാൻ ഇലക്ഷൻ കമ്മീഷൻ കേന്ദ്രനിയമമന്ത്രാലയത്തെക്കൊണ്ട് സിസിടിവി വെബ്കാസ്റ്റിങ് ദൃശ്യങ്ങളിൽ പൊതുജനപരിശോധന ഒഴിവാകുംവിധം ചട്ടത്തിൽ ഭേദഗതി വരുത്തുകയാണു ചെയ്തത്. കമ്മീഷൻ ചെയ്യുന്നതൊന്നും സുതാര്യമല്ലെന്നുള്ളതിനും കമ്മീഷനു പലതും മറയ്ക്കാനുണ്ടെന്നതിനും ഇതിൽക്കൂടുതൽ എന്തു വ്യക്തതയാണു വേണ്ടത്?

2019, 2024 ലോകസഭ, 2022 നിയമസഭ എന്നിവിടങ്ങളിലേക്ക് ഗുജറാത്തിൽനിന്നു മത്സരിച്ച പത്തു രാഷ്ട്രീയപാർട്ടികൾ മത്സരിപ്പിച്ചത് ആകെ 43 സ്ഥാനാർഥികളെയാണ്. ഇവർക്ക് എല്ലാവർക്കുംകൂടി ആകെ ലഭിച്ചത് 540696 വോട്ടുകൾ. ഇക്കാലയളവിൽ ഈ പത്തു രാഷ്ട്രീയപാർട്ടികൾക്കു ലഭിച്ച സംഭാവന 4300 കോടി രൂപയും. ഇത്രയുംകോടികൾ എവിടെനിന്നു വരുന്നു? ആ പണം ആരാണ് കൈകാര്യം ചെയ്യുന്നത്? ആ പണം എങ്ങോട്ടുപോയി? ഈ കണക്കുകൾ മറയ്ക്കാൻ പറ്റുംവിധം നിയമം മാറ്റുമോ എന്ന പരിഹാസവും രാഹുൽഗാന്ധിയിൽനിന്നുണ്ടായി.

പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എന്നിവരടങ്ങുന്ന സമിതിയെ മാറ്റി പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, പ്രധാനമന്ത്രി നാമനിർദേശം ചെയ്യുന്ന കാബിനറ്റ് മന്ത്രി എന്നിവരടങ്ങുന്ന കമ്മിറ്റി കേന്ദ്രഇലക്ഷൻ കമ്മീഷനെ തിരഞ്ഞെടുക്കുന്ന ബിൽ പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾത്തന്നെ ഇലക്ഷൻ കമ്മീഷൻ ഭരണകക്ഷിയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന സമിതിയായി മാറുമോയെന്നു പ്രതിപക്ഷ പാർട്ടികൾക്കുണ്ടായ ഭയം ശരിവയ്ക്കുന്ന നടപടികളാണ് ഇപ്പോൾ കണ്ടുവരുന്നത്.

സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പു നടത്താൻ ചുമതലപ്പെട്ട ഇലക്ഷൻ കമ്മീഷൻ എന്ന ഭരണഘടനാസ്ഥാപനം സ്വതന്ത്രവും നിഷ്പക്ഷവുമായിരിക്കേണ്ടത് ഇന്ത്യയുടെ ജനാധിപത്യ സംവിധാനത്തിന്റെ നിലനില്പിനു പരമപ്രധാനമാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിന്റെ അടിത്തറയായ തിരഞ്ഞെടുപ്പുപ്രക്രിയ സുതാര്യവും നിഷ്പക്ഷവുമായിരിക്കണം. ■

# അത്യുച്ചിയിലെത്തിയ ആത്മീയമുന്നേറ്റം

## 2025 സെപ്റ്റംബർ 7ന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന വാഴ്ത്തപ്പെട്ട പിയേർ ജോർജിയോ ഫ്രസാത്തിയുടെ ജീവിതത്തെക്കുറിച്ച്

■ ഫാ. കുര്യാക്കോസ് നരിതൂക്കിൽ

### I

1901 ഏപ്രിൽ 6–ാം തീയതി വടക്കേഇറ്റലിയിലെ ടുറിൻ നഗരത്തിൽ അൽഫ്രേദോ–അദ്‌ലെയിദേ ദമ്പതികളുടെ ആദ്യസന്താനമായി പിയേർ ജോർജിയോ ജനിച്ചു. 1898ലായിരുന്നു അൽഫ്രേദോയുടെയും അദ്‌ലെയിദെ അമേത്തിസിന്റെയും വിവാഹം. പൊള്ളാണെ എന്ന ഗ്രാമത്തിൽ അമേത്തിസ്‌കുടുംബത്തിനുണ്ടായിരുന്ന ഒരു വലിയ വില്ല അദ്‌ലെയിദെയ്ക്ക് അവകാശമായി ലഭിച്ചു. ചിത്രങ്ങൾ വരയ്ക്കുന്നതിൽ അദ്‌ലെയ്ദെ ചെറുപ്പംമുതലേ സമർഥയായിരുന്നു. വിവാഹശേഷവും ചിത്രരചന തുടർന്നുപോന്നു. അതേഗ്രാമത്തിൽ ഭിഷഗ്വരനായിരുന്ന പിയേത്രോ ഫ്രസാത്തിയുടെ മകനായ അൽഫ്രേദോ താമസിയാതെ തന്നെ ടുറിനിലെ ലസ്താംപാ എന്ന ദിനപ്പത്രത്തിന്റെ ഉടമസ്ഥനും ഒരു പൗരപ്രമുഖനുമായിത്തീർന്നു.

1913 ൽ അന്നത്തെ ഇറ്റാലിയൻപ്രധാനമന്ത്രിയായിരുന്ന ജിയോവാനി ജിയോലിത്തി അൽഫ്രേദോ ഫ്രസാത്തിയെ ഇറ്റാലിയൻ പാർലമെന്റിൽ സെനറ്ററായി നാമനിർദേശം ചെയ്തു. അദ്ദേഹം അന്ന് ഏറ്റവും ചെറുപ്പക്കാരനായ സെനറ്ററായിരുന്നു.

അദേഹത്തിന്റെ മകനായ പിയേർ ജോർജിയോയ്ക്ക് ഒരു വയസ്സ് ഇളപ്പത്തിൽ ലുച്ചിയാനാ എന്ന ഒരു സഹോദരിയുണ്ടായിരുന്നു. 1902ൽ ജനിച്ച അവർ 105–ാം വയസ്സിലാണ് നിര്യാതയായത്. 1990 മേയ് 20 ന് റോമിൽവച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പാ പിയേർ ജോർജിയോ ഫ്രസാത്തിയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ ലുച്ചിയാനാ അവിടെ സന്നിഹിതയായിരുന്നു. ലുച്ചിയാനാ എഴുതിയ തന്റെ സഹോദരന്റെ ജീവചരിത്രമാണ് ഈ ലേഖനത്തിനവലംബം.

ഇരുവരുടെയും സ്കൂൾപഠനം ഒരുമിച്ചായിരുന്നു. ലുച്ചിയാനാ ഏതെങ്കിലും ഒരു വിഷയത്തിനു തോറ്റാൽ പിതാവ് അൽഫ്രേദോ അത്രയധികം വഴക്കു പറഞ്ഞിരുന്നില്ല. എന്നാൽ, പിയേർ ജോർജിയോയുടെ കാര്യത്തിൽ അവനെ വളരെയധികം ശകാരിക്കുകയും 'ഒന്നിനും കൊള്ളാത്തവൻ' എന്നെല്ലാം ആക്രോശിക്കുകയും ചെയ്തിരുന്നു. ഭാവിയിൽ ലസ്താംപാ എന്ന തന്റെ ദിനപ്പത്രത്തിന്റെ ചുമതല ഏറ്റെടുക്കേണ്ട തന്റെ മകനാണ് പിയേർ ജോർജിയോ എന്ന ചിന്ത മാത്രമാണ് അൽഫ്രേദോ ഫ്രസാത്തിയെ നയിച്ചിരുന്നത്. അമ്മയും പിയേർ ജോർജിയോയുടെ കാര്യത്തിൽ അസ്വസ്ഥയായിരുന്നു.

**പ്രഥമദിവ്യകാരുണ്യ സ്വീകരണം**

ഹൈസ്കൂൾപഠനങ്ങൾ ആരംഭിക്കാനുള്ള യോഗ്യത ഇരുവരും നേടി. അവിടെ എമിലിയ ജൂലിയാനോ എന്ന സ്ത്രീ പിയേർ ജോർജിയോയെയും ലുച്ചിയാനോയെയും 1910 ൽ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിനൊരുക്കി. പിയേർ ജോർജിയോ പ്രഥമദിവ്യകാരുണ്യസ്വീകരണം വളരെ ഗൗരവത്തോടെയാണു കണ്ടത്. ഈശോയുമായുള്ള ആഴമായ അടുപ്പം തന്റെ സഹോദരനുണ്ടായിരുന്നു എന്നും, താനാകട്ടെ അന്നത്തെ ആഘോഷങ്ങളെയും വിരുന്നിനെയുംപറ്റിയായിരുന്നു ചിന്തിച്ചതെന്നും ലുച്ചിയാന രേഖപ്പെടുത്തിയിട്ടുണ്ട്. പാവങ്ങളെ സഹായിക്കാൻ പിയേർ ജോർജിയോ മാതാപിതാക്കളെ നിർബന്ധിച്ചിരുന്നു. ഒരു യാചകൻ മദ്യപനാണെന്നു കണ്ട് പിതാവ് പറഞ്ഞുവിട്ടിട്ടും പിയേർ ജോർജിയോ തിരികെ വിളിച്ചുകൊണ്ടുവന്ന് അമ്മയെക്കൊണ്ടു ഭക്ഷണം കൊടുപ്പിച്ച സംഭവം അമ്മതന്നെ വിവരിക്കുന്നുണ്ട്. കുമ്പസാരക്കാരന്റെ അനുവാദത്തോടെ എല്ലാ ദിവസവും വിശുദ്ധകുർബാന സ്വീകരിക്കുകയും രാത്രിയിൽ കട്ടിലിനു മുമ്പിൽ മുട്ടുകുത്തി ജപമാല ചൊല്ലുകയും ചെയ്തിരുന്ന പിയേർ ജോർജിയോ മാതാപിതാക്കളെ അസ്വസ്ഥനാക്കി. അവൻ വൈദികജീവിതം തിരഞ്ഞെടുക്കുമോയെന്ന് അവർ ഭയപ്പെട്ടു. അവൻ ആത്മീയനിയന്താവായി സ്വീകരിച്ചിരുന്ന വൈദികനെ കണ്ട് മാതാപിതാക്കൾ പരാതിപ്പെടുകപോലും ചെയ്തു. തങ്ങളുടെ മകൻ ഒരു 'മതഭ്രാന്ത'നാകുമോ എന്നതായിരുന്നു അവരുടെ ആശങ്ക!



അവധിക്കാലത്ത് പൊള്ളോണെ എന്ന സ്ഥലത്തെ ബംഗ്ലാവിൽ ചെലവഴിച്ചിരുന്ന പിയേർ ജോർജിയോ പൂന്തോട്ടത്തിലെ പണിക്കാരനെ സഹായിക്കാൻ വളരെ തത്പരനായിരുന്നു. സമീപത്തുള്ള ഒറോപ്പ എന്ന സ്ഥലത്തെ മാതാവിന്റെ തീർഥാടനകേന്ദ്രത്തിലേക്കു കാൽനടയായി പോകാനും മലകൾ കയറാനുമെല്ലാം പിയേർ ജോർജിയോ ഇഷ്ടപ്പെട്ടിരുന്നു. മഞ്ഞുകാലത്ത് സ്കീയിങ് നടത്താനും അവൻ മുൻപന്തിയിലുണ്ടായിരുന്നു.

> **സ്വന്തം ഓവർകോട്ടുപോലും തണുപ്പുകാലത്ത് പാവപ്പെട്ടവന് ഊരിക്കൊടുക്കുകയും ട്രെയിനിൽ മൂന്നാംക്ലാസിൽ മാത്രം യാത്ര ചെയ്യുകയും ചെയ്ത പിയേർ ജോർജിയോ ആരുമറിയാതെ ആധ്യാത്മിക ജീവിതത്തിന്റെ ഉച്ചിയിലേക്കു കയറുകയായിരുന്നു. ട്രെയിനിൽ എന്തുകൊണ്ടാണ് മൂന്നാം ക്ലാസിൽ യാത്ര ചെയ്യുന്നതെന്ന ചോദ്യത്തിന് നാലാംക്ലാസ് ഇല്ലാത്തതുകൊണ്ട് എന്ന ഉത്തരമാണ് പിയേർ ജോർജിയോ നല്കിയിരുന്നത്.**

ഹൈസ്കൂൾപഠനം ആദ്യപരീക്ഷയിൽത്തന്നെ വിജയിച്ച പിയേർ ജോർജിയോ പോളിടെക്നിക്കിൽ കൽക്കരിഖനനം സംബന്ധിച്ചുള്ള എൻജിനീയറിങ് പഠനത്തിലാണ് ഏർപ്പെട്ടത്. പഠനം പൂർത്തിയാക്കി അവസാനത്തെ പരീക്ഷയും ജയിച്ചു എന്നറിയുന്ന ദിവസങ്ങളിലാണ് പിയേർ ജോർജിയോ പോളിയോരോഗം മൂർച്ഛിച്ച് 1925 ജൂലൈ നാലാം തീയതി മരണമടഞ്ഞത്.

ഒന്നാംലോകമഹായുദ്ധകാലത്ത് (1914–18) ഇറ്റലി ഒരുപക്ഷത്തും ചേരാതെ നിഷ്പക്ഷത പാലിക്കണമെന്ന അഭിപ്രായമാണ് കൗമാരക്കാരനായ പിയേർ ജോർജിയോയ്ക്കുണ്ടായിരുന്നത്. കത്തോലിക്കാവിദ്യാർഥിപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിക്കുകയും അവരുടെ പ്രകടനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. മുസോളിനിയുടെ 'ബ്ളാക് ഷർട്ട്സ്' എന്ന പ്രസ്ഥാനത്തിലെ യുവജനങ്ങളുമായി ഏറ്റുമുട്ടലുകളുണ്ടാവുകയും ചെയ്തിരുന്നു.

**സാമൂഹികപ്രവർത്തനങ്ങൾ**

രാഷ്ട്രീയപ്രവർത്തനങ്ങളേക്കാൾ പാവപ്പെട്ടവരുടെ ഭവനങ്ങൾ സന്ദർശിക്കാനും അവർക്കു സഹായങ്ങളെത്തിക്കാനുമാണ് പിയേർ ജോർജിയോ ഇഷ്ടപ്പെട്ടിരുന്നത്. അതിനായി ടുറിനിൽ വിൻസെന്റ് ഡി പോൾ സഖ്യത്തിൽ സജീവപ്രവർത്തകനായി. ഡൊമിനിക്കൻ മൂന്നാം സഭയിലും അംഗമായിരുന്നു. ദിവസവും വിശുദ്ധകുർബാനയിൽ പങ്കെടുക്കുകയും അനുദിനം ജപമാല ചൊല്ലുകയും ചെയ്തിരുന്നു. ഇതിനൊന്നും അനുകൂലമായ അന്തരീക്ഷമല്ലായിരുന്നു അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്നത്. ഭക്ഷണമേശയിൽ പ്രാർഥന ഇല്ലാതിരുന്നതുകൊണ്ട് പിയേർ ജോർജിയോ തനിയെ പ്രാർഥിച്ചിട്ടാണ് ഊൺമുറിയിൽ കയറിയിരുന്നത്. മാതാപിതാക്കൾതമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയും പിയേർ ജോർജിയോയ്ക്കു ദുഃഖകാരണമായിരുന്നു.

1920ൽ സെനറ്റർ അൽഫ്രേദോ ഫ്രസാത്തി ബർലിനിൽ അംബാസിഡറായി നിയമിക്കപ്പെട്ടു. പിയേർ ജോർജിയോയ്ക്കും ഏതാനും മാസക്കാലം ബർലിനിൽ താമസിച്ച് ഉന്നതരുടെ ജീവിതശൈലി ശീലിക്കാൻ അവസരമുണ്ടാകുമെന്നാണ് മാതാപിതാക്കൾ പ്രതീക്ഷിച്ചത്. എന്നാൽ, അവിടെയും ടുറിനിലെന്നപോലെ കാത്തലിക്‌യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിക്കാനും പാവങ്ങളെ സഹായിക്കാനും പിയേർ ജോർജിയോയ്ക്കു കാറൾ സോണൽഷൈൻ എന്ന യുവവൈദികന്റെ പിന്തുണ ലഭിച്ചു. ഒരു മിഷനറിവൈദികനാകാൻ വീട്ടിൽനിന്ന് അനുവാദം ലഭിക്കില്ല എന്നതു മനസ്സിലാക്കി ഒരു അല്മായപ്രേഷിതനായി ജീവിക്കാൻ പിയേർ ജോർജിയോയെ ഉപദേശിച്ചത് ഈ ഫാദർ സോണൽഷൈനാണ്. അദ്ദേഹം വഴി, പിന്നീട് പ്രശസ്ത ദൈവശാസ്ത്രജ്ഞനായിത്തീർന്ന തന്റെ സമപ്രായക്കാരനായ കാൾ റാനറെ പരിചയപ്പെടാൻ പിയേർ ജോർജിയോയ്ക്കു സാധിച്ചു. ഫ്രൈബുർഗിൽ ജർമൻഭാഷാപഠനം നടത്തിയപ്പോൾ റാനർ കുടുംബത്തിൽ ഒരംഗമെന്നപോലെ ജീവിച്ചു. എല്ലാവർക്കും സന്തോഷം പകരുന്ന നിഷ്കളങ്കനായ ഒരു യുവാവ് എന്നായിരുന്നു പിയേർ ജോർജിയോയെപ്പറ്റി റാനർകുടുംബത്തിന്റെ അഭിപ്രായം.

മുസോളിനിയുടെ ഫാസിസത്തോടുള്ള എതിർപ്പുകാരണം അൽഫ്രേദോ ഫ്രസാത്തി അംബാസിഡർസ്ഥാനം രാജിവച്ച് ടുറിനിലേക്കു മടങ്ങി. പിയേർ ജോർജിയോ പോളിടെക്നിക്കിലെ പഠനം തുടരുകയും വിൻസെന്റ് ഡി പോൾ സഖ്യത്തിലും യുവജനപ്രസ്ഥാനങ്ങളിലും വീണ്ടും സജീവമാകുകയും ചെയ്തു.

സഹോദരിയായ ലുച്ചിയാനാ 1924ൽ ഒരു പോളണ്ടുകാരനെ വിവാഹം ചെയ്തുപോയതോടെ വീട്ടിൽ ഒറ്റപ്പെട്ടവനായിത്തീർന്ന പിയേർ ജോർജിയോ മാതാപിതാക്കളെ ധിക്കരിക്കാതെ അവരുടെ ഇഷ്ടങ്ങൾ നിറവേറ്റാൻ തയ്യാറായി. പഠനം പൂർത്തിയാക്കി 'ലസ്താംപാ' എന്ന പത്രത്തിൽ പിതാവിനൊപ്പം പ്രവർത്തിക്കാനും സമ്മതിച്ചു. എങ്കിലും ലളിതജീവിതവും സാമൂഹികപ്രവർത്തനവും തുടർന്നുപോന്നു. സ്വന്തം ഓവർകോട്ടുപോലും തണുപ്പുകാലത്ത് പാവപ്പെട്ടവന് ഊരിക്കൊടുക്കുകയും ട്രെയിനിൽ മൂന്നാംക്ലാസിൽ മാത്രം യാത്ര ചെയ്യുകയും ചെയ്ത പിയേർ ജോർജിയോ ആരുമറിയാതെ ആധ്യാത്മികജീവിതത്തിന്റെ ഉച്ചിയിലേക്കു കയറുകയായിരുന്നു. ട്രെയിനിൽ എന്തുകൊണ്ടാണ് മൂന്നാം ക്ലാസിൽ യാത്ര ചെയ്യുന്നതെന്ന ചോദ്യത്തിന് നാലാം ക്ലാസ് ഇല്ലാത്തതുകൊണ്ട് എന്ന ഉത്തരമാണ് പിയേർ ജോർജിയോ നല്കിയിരുന്നത്. അങ്ങനെ മിച്ചംവയ്ക്കുന്ന പണം പാവങ്ങൾക്കു നല്കിയിരുന്നു.

(തുടരും)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



കർത്താവിന്റെ നിയമം അവികലമാണ്;
അത് ആത്മാവിന് പുതുജീവൻ പകരുന്നു.
സങ്കീർത്തനം 19:7

**എഡിറ്റോറിയൽ**

# സമാധാനത്തിന്റെ വഴികൾ

ഏതൊരു നാടിന്റെയും അടിസ്ഥാനസൗകര്യവികസനത്തിലെ ഒരു സുപ്രധാനഘടകമാണു റോഡുകൾ. വർധിച്ചുവരുന്ന ഗതാഗത, വ്യാപാര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി റോഡുശൃംഖലകൾ വർധിപ്പിക്കുന്നതും വികസിപ്പിക്കുന്നതും, ദൂരങ്ങൾ എളുപ്പത്തിൽ താണ്ടാൻ സഹായകമായ പുതിയ ബൈപ്പാസുകൾ സൃഷ്ടിക്കുന്നതുമെല്ലാം നല്ലതുതന്നെ; ചിലപ്പോഴെങ്കിലും വികസനക്കുതിപ്പിന്റെ ഇരകളായി ദുരിതം പേറേണ്ടി വരുന്ന പാവങ്ങളെ മറക്കാൻ കഴിയില്ലെങ്കിൽപോലും. ഇവിടെ വിഷയം ഇതൊന്നുമല്ല. ഓരോ പുതിയ പാതയെയും തങ്ങളുടെ വികസനനേട്ടമായി സർക്കാരുകൾ ഉയർത്തിക്കാണിക്കുമ്പോഴും, നാട്ടിൽ ഉയിർത്തെഴുന്നേറ്റുനില്ക്കുന്ന ഒരു ഞെട്ടിക്കുന്ന സത്യം ആരും ചർച്ചയാക്കുന്നില്ല – അനുദിനം പെരുകുന്ന റോഡപകടങ്ങൾ! പാതകളുടെ നീളവും വീതിയും കൂടുന്നതനുസരിച്ച് ഓരോ ദിനവും വഴിയിൽ പൊലിയുന്ന ജീവനുകളുടെ എണ്ണമെടുത്താൽ ഹൃദയഭേദകമാണത്.

ഇക്കാര്യത്തിൽ ആരുടെയും കണ്ണുതുറപ്പിക്കാൻപോന്ന ഒന്നായിരുന്നു, സംസ്ഥാന മുൻഗതാഗതസെക്രട്ടറിയും കെ.എസ്.ആർ.ടി.സി. മുൻ സിഎംഡിയുമായ ബിജു പ്രഭാകർ സെപ്റ്റംബർ ഒന്നിന് മലയാളമനോരമ ദിനപത്രത്തിൽ എഴുതിയ 'മനുഷ്യരാകാം റോഡിലും' എന്ന അർഥവത്തായ ലേഖനം. അദ്ദേഹം എഴുതുന്നു: "നമ്മുടെ റോഡുകളിൽ ഇത്രയധികം അപകടമുണ്ടായിട്ടും ശാസ്ത്രീയമായ റോഡുവികസനത്തെക്കുറിച്ചോ റോഡിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചോ പൊതുഗതാഗതം വ്യാപകമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ നാം ക്രിയാത്മകമായി ചിന്തിക്കുന്നില്ല. റോഡിൽ ഇറങ്ങുമ്പോൾ നിയമങ്ങൾ പാലിക്കാൻ നാം മറന്നുപോകുന്നു. നിയമവ്യവസ്ഥ ഇല്ലാത്തതോ അന്യായത്തിനു പരിരക്ഷ ലഭിക്കുന്നതോ ആയ ഒരു സ്ഥലത്ത് തർക്കങ്ങളിലൂടെയും കൈയൂക്കിലൂടെയും അവകാശവാദങ്ങൾ സാധിച്ചെടുക്കാം എന്ന തോന്നൽ റോഡിലുണ്ടാക്കുന്ന സംഘർഷങ്ങൾ ചെറുതല്ല.'' എത്രയോ സത്യം!

ലൈസൻസ് കൊടുക്കുമ്പോഴോ പിന്നീടോ ഡ്രൈവറുടെ മാനസികാരോഗ്യം പരിശോധിക്കുന്ന സമ്പ്രദായം നമ്മുടെ നാട്ടിലില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അപേക്ഷിച്ച് പരമാവധി രണ്ടു മാസത്തിനകം ലൈസൻസ് സ്വന്തമാക്കി തിരക്കേറിയ റോഡിലേക്കിറങ്ങാമെന്നതാണു സ്ഥിതി. മത്സരബുദ്ധിയോടെയോ വൈകാരികമായോ ഇടപെടാൻ പാടില്ലാത്ത ജോലിയാണു ഡ്രൈവിങ്. മറ്റുള്ളവരുടെ ജീവനും വാഹനത്തിനും വിലയുണ്ടെന്ന ചിന്തവേണം. അങ്ങനെയൊരു പരസ്പരബഹുമാനം നമ്മുടെ റോഡിൽ കാണുന്നില്ല. മാനസികസംഘർഷം, മത്സരബുദ്ധി, ലഹരിയുപയോഗം, അനാവശ്യധൃതി എന്നിവയൊക്കെയാണു റോഡിലെ പ്രകോപനങ്ങൾക്കു പിന്നിൽ. തുടർച്ചയായി ഹോണടിക്കുക, വാഹനത്തിന്റെ തൊട്ടുപിന്നിലായി പിന്തുടരുക, ഇടതുവശത്തുകൂടെ മറികടക്കുക, സിഗ്നൽ തെറ്റിച്ചു പായുക, റോഡു കുറുകെ കടക്കുന്നവരെ തടസ്സപ്പെടുത്തി സീബ്രാലൈനിൽ വാഹനം നിർത്തുക എന്നിങ്ങനെ മറ്റുള്ളവരെ അലോസരപ്പെടുത്തുന്ന ഡ്രൈവിങ് രീതികളെക്കുറിച്ച് അദ്ദേഹം എണ്ണിയെണ്ണി പറയുന്ന കാര്യങ്ങൾ ആർക്കു നിഷേധിക്കാനാവും?

ചുരുക്കിപ്പറഞ്ഞാൽ, ലോകമെമ്പാടുമുള്ള റോഡപകടങ്ങളുടെ പ്രധാനകാരണങ്ങളിലൊന്ന് അശ്രദ്ധയാണ്. എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാനുണ്ട്. അശ്രദ്ധയും അമിതവേഗവും സൃഷ്ടിച്ച അതിദാരുണമായ ദുരന്തത്തിന്റെ സമീപകാല ഉദാഹരണങ്ങളിലൊന്നാണ് ഈയടുത്തകാലത്ത് പാലാ മുണ്ടാങ്കലിൽ മൂന്നുപേരുടെ ജീവൻ കവർന്ന കാറപകടം. കാറിന് അമിതവേഗമായിരുന്നുവെന്ന് ദൃക്സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നു. കുടുംബത്തിന് അത്താണിയായിരുന്ന രണ്ടു വീട്ടമ്മമാരും, അതിലൊരാളുടെ ഏകപുത്രിയുമാണ് ആ അപകടത്തിൽ മരണപ്പെട്ടത്. ഇത്തരം വാർത്തകളിൽ ദുഃഖം പ്രകടിപ്പിച്ചു മാറുന്നതല്ലാതെ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നു ക്രിയാത്മകമായ ചർച്ചകളും നടപടികളുമായി ആരും മുമ്പോട്ടുവരുന്നില്ലായെന്നതാണു വേദകരമായ കാര്യം.

ആദ്യം വേണ്ടതു ഗതാഗതനിയമത്തിലുള്ള ധാരണയും നിയമം കർശനമായി നടപ്പാക്കലുമാണ് – ശ്രീ ബിജു പ്രഭാകർ സമർഥിക്കുന്നു. സമാധാനമുള്ള ഒരു റോഡിനായുള്ള ശ്രമം ലൈസൻസ് നല്കുന്നതിൽനിന്നുതന്നെ തുടങ്ങേണ്ടതുണ്ട്. ഓസ്ട്രേലിയപോലുള്ള രാജ്യങ്ങളിൽ ആദ്യം ലേണേഴ്സ് ലൈസൻസ് എടുത്ത് ഒരു വർഷത്തോളം 'എൽ' ബോർഡ് വച്ചുവേണം ഓടിക്കാൻ. ഈ കാലയളവിൽ നിയമലംഘനം നടത്തിയിട്ടില്ല അല്ലെങ്കിൽ നിയമലംഘനംമൂലം നിശ്ചിതപരിധിയിൽ കൂടുതൽ പെനാൽറ്റി പോയിന്റുകൾ ലഭിച്ചിട്ടില്ലായെങ്കിൽ പ്രൊവിഷണൽ ലൈസൻസ് ലഭിക്കും. അതുതന്നെ പി 1, പി 2 എന്നിങ്ങനെ രണ്ടു തലത്തിലുണ്ട്. രണ്ടു തലത്തിലും നല്ല പ്രകടനം നടത്തിയെന്നു ബോധ്യപ്പെട്ടാൽ മാത്രമേ പൂർണലൈസൻസ് ലഭിക്കുകയുള്ളൂ. ഇവിടെയോ? – അദ്ദേഹം ചോദിക്കുന്നു.

ഗതാഗതനിയമങ്ങളെക്കുറിച്ചു കൂടുതൽ ഗൗരവത്തോടെ സ്കൂളുകളിൽ പഠിപ്പിക്കണമെന്നാണ് ശ്രീ ബിജു പ്രഭാകർ മുന്നോട്ടുവയ്ക്കുന്ന ഒരു നല്ല നിർദേശം. വാഹന ഉടമ നികുതി നല്കുന്നുവെങ്കിലും കാൽനടക്കാർക്കാണു റോഡിൽ മുൻഗണനയെന്ന ബോധം ഊട്ടിയുറപ്പിക്കണം. എന്നുകരുതി റോഡിൽ എവിടെയും തനിക്കു കുറുകെ കടക്കാമെന്നു കാൽനടക്കാരൻ തെറ്റിദ്ധരിക്കുകയുമരുത്. പൊതുഗതാഗതം വർധിപ്പിക്കണമെന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു നിർദേശം. നാല്പതിനായിരത്തോളം ബസുകളുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ കെഎസ്ആർടിസി ഉൾപ്പെടെ പതിനായിരം തികച്ചില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സ്വകാര്യവാഹനങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തുകയും പൊതുഗതാഗതം വ്യാപകമാക്കുകയുമാണ് പല പരിഷ്കൃതരാജ്യങ്ങളും ചെയ്യുന്നത്.

സമൂഹമനഃസാക്ഷിയുണർത്തുന്ന ഇത്തരമൊരു ലേഖനം തയ്യാറാക്കാൻ കാണിച്ച ആർജവത്തിന് ബിജു പ്രഭാകർ അഭിനന്ദനമർഹിക്കുന്നു. വഴിയെന്നോ പുഴയെന്നോ നോക്കാതെ അമിതവേഗത്തിൽ ബൈക്കുകൾ പായിക്കുന്ന ആധുനിക 'ഫ്രീക്ക'ന്മാരും, വഴിയായ വഴിയെല്ലാം തനിക്കു തീറെഴുതിക്കിട്ടിയതെന്ന മട്ടിൽ, വലിയ വാഹനത്തിന്റെ വിരിവു കാട്ടി വമ്പു പറയുന്നവരും, നിരപരാധികളുടെമേൽ അസഭ്യവർഷവും അക്രമവും നടത്തി കുതിര കയറുന്നവരും പരിണതപ്രജ്ഞനായ ഇദ്ദേഹത്തിന്റെ വാക്കുകൾക്കു ചെവികൊടുത്തിരുന്നെങ്കിൽ!

# സീറോ മലബാർ സഭയ്ക്കു പ്രൗഢിയേറ്റി

## നാല് പുതിയ അതിരൂപതകൾ

## ബൽത്തങ്ങാടി, അദിലാബാദ് രൂപതകൾക്ക് പുതിയ മെത്രാന്മാർ

കൊച്ചി: സീറോ മലബാർ സഭയ്ക്ക് കേരളത്തിനു പുറത്തു നാല് അതിരൂപതകൾകൂടി നിലവിൽ വന്നു. ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ് രൂപതകളാണ് അതിരൂപതകളായി ഉയർത്തിയത്. യഥാക്രമം മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവരെ ഈ അതിരൂപതകളിൽ ആർച്ചുബിഷപ്പുമാരായി നിയമിച്ചു. ഇതോടെ കേരളത്തിലെ അഞ്ചെണ്ണമുൾപ്പെടെ സീറോമലബാർ സഭയിലെ അതിരൂപതകളുടെ എണ്ണം ഒമ്പതായി.

മാർ ലോറൻസ് മുക്കുഴി ആരോഗ്യകാരണങ്ങളാൽ രാജിവച്ച ഒഴിവിൽ ബൽത്തങ്ങാടി രൂപത ബിഷപ്പായി മോൺ. ജെയിംസ് പട്ടേരിലിനെ നിയമിച്ചു. അദിലാബാദ് രൂപതാധ്യക്ഷനായിരുന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ ഷംഷാബാദ് രൂപതാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ഒഴിവിൽ അദിലാബാദ് ബിഷപ്പായി മോൺ. ജോസഫ് തച്ചാപറമ്പത്തിനെയും നിയമിച്ചു. കേരളത്തിനു പുറത്തുള്ള 12 രൂപതകളുടെ അതിർത്തി പുനർനിർണയിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ഹൊസൂർ രൂപത തൃശൂർ അതിരൂപതയുടെ സാമന്തരൂപതയാക്കി.

പുതിയ അതിരൂപത, മെത്രാന്മാർ നിയമനം, അതിർത്തി പുനർനിർണയപ്രഖ്യാപനം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. കാക്കനാട് മൗണ്ട് സെന്റ്തോമസിൽ നടന്ന സഭയുടെ സിനഡ് സമ്മേളനത്തിലെ ഇതു സംബന്ധിച്ച തീരുമാനങ്ങൾക്ക് വത്തിക്കാന്റെ അംഗീകാരം ലഭിച്ചതോടെയാണ് 28 ന് വൈകുന്നേരം 3.30 ന് സഭാ ആസ്ഥാനത്തു പ്രഖ്യാപനം നടത്തിയത്. ഇറ്റാലിയൻ സമയം ഉച്ചയ്ക്ക് 12 ന് വത്തിക്കാനിലും പ്രഖ്യാപനം നടന്നു.

പുതിയ മെത്രാന്മാരെ മേജർ ആർച്ചുബിഷപ് സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. പുതിയ ആർച്ചുബിഷപ്പുമാർക്ക് അദ്ദേഹം നിയമനപത്രങ്ങൾ കൈമാറി.



മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
കല്യാൺ അതിരൂപത



മോൺ. ജയിംസ് പട്ടേരിൽ
ബൽത്തങ്ങാടി രൂപത



മോൺ. ജോസഫ് തച്ചാപറമ്പത്ത്
അദിലാബാദ് രൂപത

ക്ലരീഷ്യൻ സന്ന്യാസസമൂഹാംഗമായ മോൺ. പട്ടേരിൽ ജർമനിയിലെ വ്യൂർസ്ബുർഗ് പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായി സേവനം ചെയ്യുന്നതിനിടെയാണ് മെത്രാനായി നിയമിക്കപ്പെട്ടത്. ഇന്ത്യയിലെ ആദ്യത്തെ ക്ലരീഷ്യൻ മെത്രാനാണ് ഇദ്ദേഹം.

സിഎംഐ സന്ന്യാസസമൂഹാംഗമായ മോൺ. തച്ചാപറമ്പത്ത് ഛാന്ദാ മാർത്തോമ്മാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സേവനമനുഷ്ഠിക്കുന്നതിനിടെയാണു മെത്രാൻ നിയോഗമെത്തുന്നത്.

2017 ഒക്ടോബർ ഒമ്പതിന് ഷംഷാബാദ് രൂപത സ്ഥാപിക്കപ്പെട്ടതോടെയാണ് സീറോ മലബാർ സഭയ്ക്കു ഭാരതം മുഴുവൻ അജപാലനാവകാശം ലഭിച്ചത്. ഇപ്പോൾ ഷംഷാബാദിനു പുറമേ, അദിലാബാദ്, ബിജ്നോർ, ഛാന്ദാ, ഗോരക്പുർ, കല്യാൺ, ജഗദൽപുർ, രാജ്കോട്ട്, സാഗർ, സത്ന, ഉജ്ജയിൻ, ഫരീദാബാദ് രൂപതകളുടെ അതിർത്തികളാണ് പുനർനിർണയിച്ചത്.

# കാരുണ്യമാതാവ്



ഫാ. ജോസഫ് നെച്ചിക്കാട്ട്

**ലോ**കത്തിലെ ഏറ്റവും വലിയ തീർഥാടനകേന്ദ്രമാണ് ലൂർദ്. മേയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണു തീർഥാടകരുടെ തിരക്ക്. ശൈത്യമേറുന്ന ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തിരക്ക് അത്രതന്നെ അനുഭവപ്പെടാറില്ല.

മഞ്ഞുറഞ്ഞുനില്ക്കുന്ന ഡിസംബറിലെ ഒരു രാത്രി (1986). തികച്ചും വിജനമായ മണിക്കൂറിൽ തനിച്ചെത്തി മാതാവിനോടു യാത്ര പറഞ്ഞു മടങ്ങുവാൻവേണ്ടിയാണ് അന്നു ഞാൻ ഗ്രോട്ടോയിലെത്തിയത്. അരണ്ട വെളിച്ചത്തിൽ അടുത്തടുത്തു ചെന്നപ്പോൾ അവിടെ പാറക്കെട്ടിൽ ഒരു സ്ത്രീരൂപം മുഖമമർത്തിവച്ചു മൗനമായി പ്രാർഥിക്കുന്നതു കണ്ടു. ശല്യമാകേണ്ടെന്നു കരുതി ഞാൻ മാറിനിന്നു. അവസാനം അവൾ പിരിഞ്ഞുപോയപ്പോൾ പ്രാർഥിക്കാനായി ഞാനും അങ്ങോട്ടു നീങ്ങി. അവൾ മുഖം അമർത്തിനിന്ന ശിലാതലത്തിൽ ജലകണങ്ങൾ! അത് അവളുടെ കണ്ണുകളിൽനിന്നുതിർന്നുവീണതാവണം. എന്തുകൊണ്ടോ ആ പാവം കരളുരുകി കരയുകയായിരുന്നിരിക്കണം. അവളുടെ കണ്ണുനീർ പാറ ഏറ്റുവാങ്ങി പരിശുദ്ധകന്യകയ്ക്കു പാദകാണിക്കയായി സമർപ്പിക്കുകയായിരുന്നു...

ദുഃഖിതരുടെ ആശ്വാസമാണ് മറിയം. മനുഷ്യന്റെ ദുഃഖമെന്താണെന്ന്, മനോവേദനയുടെ ആഴമെന്തുമാത്രമുണ്ടെന്നു മറ്റാരെയുംകാൾ കൂടുതൽ മനസ്സിലാക്കിയവളാണു മറിയം. അരുമസുതന്റെ പീഡാനുഭവങ്ങൾ അടുത്തുനിന്നുകൊണ്ടുതന്നെ അനുഭവിച്ചറിഞ്ഞവൾ-ആ മർദനങ്ങൾ സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങുന്നതുപോലെ അവൾക്കു തോന്നിയിട്ടുണ്ടാവണം. ഇരുമ്പാണികളിൽ തൂങ്ങിനിന്നുകൊണ്ടു പിടഞ്ഞുപിടഞ്ഞു മരിക്കുന്ന മകന്റെ അടുത്തുനിന്നവളാണ് വ്യാകുലമാതാവായി മാറിയത്. യേശു മരിച്ചിട്ടും ആ വേദന അവസാനിച്ചില്ല. മൃതദേഹത്തോടു ചേർന്ന്, ഹൃദയം തകർന്നുനിന്നവളുടെ മനോവേദന വർണനാതീതമാണ്.

> **നമ്മുടെ ആത്മാവിന്റെ നോവും വേവും മറിയത്തിലർപ്പിക്കാൻ കഴിയണം. അവിടെ ഭരമേല്പിച്ചിട്ടു പോയാൽ നാം പരാജയം കാണുകയില്ല. നമുക്കു നന്മയായിട്ടുള്ളതു മറിയം സാധിച്ചുതരും.**

ആ നൊമ്പരങ്ങളുടെ അമ്മയ്ക്കു മനുഷ്യമക്കളുടെ സങ്കടങ്ങൾ മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല. അതുകൊണ്ടുതന്നെയാണ് ജീവിതവേദനയിൽ നൊന്തുനീറുന്നവരെല്ലാം അവിടെ ലൂർദിൽ മറിയത്തിന്റെ തിരുസാന്നിധ്യത്തിൽ അടുത്തുകൂടുന്നത്.

അന്തരിച്ചുപോയ കെ.സി. ചാക്കോ ലൂർദ് സന്ദർശിച്ചശേഷം പറഞ്ഞ വാക്കുകളോർക്കുന്നു: 'മനുഷ്യന്റെ ദുഃഖങ്ങൾ സ്വരുക്കൂടുന്ന സ്ഥലം ലൂർദുപോലെ ലോകത്തിൽ വേറെയില്ല.' ആ പ്രസ്താവന പൂർണമായും ശരിയാണെന്നു ലൂർദിലെത്തുന്ന ഓരോ വ്യക്തിക്കും വ്യക്തമാകും.

അനുദിനം എത്രയോ പീഡിതർ അവിടെ എത്തിച്ചേരുന്നു. വൈദ്യശാസ്ത്രം കൈവെടിഞ്ഞവർ, പഴുത്തവർ, പുഴുത്തവർ, കണ്ണില്ലാത്തവർ, കാലില്ലാത്തവർ, കണ്ണുനീർ തോരാത്തവർ, ആരോരുമില്ലാത്തവർ, ആർക്കുംവേണ്ടാത്തവർ... അവരെല്ലാം അവിടെ ഒത്തുകൂടുന്നു- ആശ്വാസത്തിനായി!

1993 ജൂലൈ നാലാം തീയതിയിലെ ഒരു സംഭവം ഓർമ വരുന്നു. വേനൽക്കാലമായതിനാൽ ധാരാളം സന്ദർശകർ കൂട്ടംകൂടി നില്ക്കുന്ന വേള. ഒരു 'ഭ്രാന്തൻ' ജനമധ്യേ നിന്നുകൊണ്ട് ദീർഘനേരം എന്തൊക്കെയോ വിളിച്ചുപറയുന്നു- അമ്മയോട് ആവലാതി പറയുന്ന മകനെപ്പോലെ! ഭ്രാന്തുമൂലമാണോ, മാനസികവിഭ്രാന്തി മൂലമാണോ, അടക്കാനാവാത്ത ദുഃഖം മൂലമാണോ അവൻ അങ്ങനെയൊക്കെ വിളിച്ചുപറഞ്ഞത്? ആൾ ഭ്രാന്തനല്ല എന്നാണ് അടുത്തുനിന്നവർ പറഞ്ഞുകേട്ടത്.

ഗ്രോട്ടോയുടെ മുൻഭാഗത്തു മുകളിൽ ഊന്നുവടികൾ, ക്രെച്ചസുകൾ മുതലായവ തൂക്കിയിട്ടിരിക്കുന്നതു കാണാം. 'അതൊക്കെ ഭക്തരുടെ സമ്മാനങ്ങളാ'ണെന്നായിരുന്നു ഒരു സന്നദ്ധസേവികയുടെ വിശദീകരണം.

'ഈ പൊട്ടിപ്പൊളിഞ്ഞ ഊന്നുവടികളും താങ്ങികളുമാണോ മാതാവിനു കൊടുത്ത സമ്മാനം?'

'ഊന്നുവടികളിലും ഉന്തുവണ്ടികളിലുമൊക്കെയാണ് അവർ ഇവിടെ എത്തിച്ചേർന്നത്. അവരുടെ അവശതകൾ അമ്മ ഏറ്റെടുത്തപ്പോൾ അവയൊക്കെ അവർ അമ്മയ്ക്കു സമ്മാനമായി കൊടുത്തിട്ടുപോയി.'

നമ്മുടെ സ്വർഗീയമാതാവാണ് മറിയം. ഒരമ്മയ്ക്ക് അതിന്റെ കുഞ്ഞിനെ മറക്കാൻ കഴിയുമോ? (ഏശയ്യാ. 49:15) കഴിയുകയില്ല. കാരണം, ആ സ്നേഹത്തിന്റെ ഉറവിടം 'ഒരിക്കലും അസ്തമിക്കാത്ത ഒരു സ്നേഹ'ത്തിൽ നിന്നാണ്-ദൈവികസ്നേഹത്തിൽനിന്ന്.

പട്ടിണികിടന്നു മാംസരക്തങ്ങൾ വരെ വറ്റി ഉണങ്ങിയ പൊരുന്നപ്പിടയ്ക്കു വിശപ്പില്ലേ? നിശ്ചയമായും ഉണ്ട്. എങ്കിലും, തീറ്റി കണ്ടെത്തുമ്പോൾ അതെന്താണു ചെയ്യുക? കുഞ്ഞുങ്ങളെ വിളിക്കുന്നു. ചിക്കിച്ചികഞ്ഞ് അത് അവറ്റകൾക്കു കൊത്തിയിട്ടുകൊടുക്കുന്നു! ഉണ്ണികൾ വളരട്ടെ! അതിരുകളില്ലാത്ത മാതൃസ്നേഹത്തിന്റെ അത്യുദാത്തഭാവമാണ് അവിടെ പ്രകടമാവുക.

ആത്മകഥയിൽ (നവമാലിക) വി. ചെറുപുഷ്പത്തിന്റെ ഒരു ഓർമക്കുറിപ്പ് ശ്രദ്ധേയമാണ്: രോഗിണിയായ ചെറുപുഷ്പം പുറത്തേക്ക് പൂന്തോട്ടത്തിലേക്ക് ഇറങ്ങിയതേ കാണുന്നത് കുഞ്ഞുങ്ങളെ ചിറകിൻകീഴാക്കുന്ന പിടക്കോഴിയെയാണ്. അവിടെ അവൾ ദൈവികസ്നേഹത്തിന്റെ സ്നിഗ്ധഭംഗി കണ്ടു-ഒപ്പം, 'യറുശലമേ, യറുശലമേ, പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴാക്കുന്നതുപോലെ..?' എന്നു വിലപിച്ച യേശുവിന്റെ ചിത്രവും. പിന്നെ, അവൾക്ക് അവിടെ നില്ക്കാനായില്ല. അവൾ അകത്തുപോയിരുന്നു വിതുമ്പിക്കരഞ്ഞു...

മാതൃസ്നേഹത്തിന്റെ മൂർത്തീഭാവമാണ് നമുക്കായി നല്കപ്പെട്ട മറിയം. അവളെ നമുക്ക് അമ്മയായി നല്കാൻ വേണ്ടിത്തന്നെയാണ് യേശു ഒരുക്കിക്കൊണ്ടുവന്നത്-മാറ്റിനിറുത്തിയത്.

വി. യൗസേപ്പ് എത്രകാലം ജീവിച്ചു? നമുക്കറിഞ്ഞുകൂടാ. മറിയത്തിന്റെയും യേശുവിന്റെയും സൽപ്പേരു കാത്തുസൂക്ഷിക്കുമാറാകണം, അതായിരുന്നു വി. യൗസേപ്പിനെ സംബന്ധിച്ച ദൈവനിശ്ചയം. ആ ഘട്ടം കഴിഞ്ഞപ്പോൾ ആ മനുഷ്യൻ തിരികെവിളിക്കപ്പെട്ടു.

പക്ഷേ, മറിയത്തെ ചുറ്റിപ്പറ്റിയുള്ള ദൈവികനിശ്ചയം തികച്ചും വ്യത്യസ്തമായിരുന്നു. അവൾ അവസാനംവരെ എല്ലാം ഏറ്റുവാങ്ങി സഹിച്ചുനില്ക്കണം. അവളെ മനുഷ്യകുലത്തിന് അമ്മയായി, സമ്മാനമായി നല്കണം. അതിനുവേണ്ടിയാണ് അന്തിമനിമിഷങ്ങളിൽ യേശു അവളെ കുരിശിൻചുവട്ടിൽ കൊണ്ടുവരുന്നത്. യേശു മരിച്ചിട്ടും മറിയം മരിക്കരുതെന്നു ദൈവം തീരുമാനിച്ചു. അവൾ തുടർന്നും ജീവിക്കണം-സഭയുടെയും സഭാതനയരുടെയും മാതാവായി, ഉറപ്പുള്ള സങ്കേതമായി.



നമ്മുടെ ആത്മാവിന്റെ നോവും വേവും മറിയത്തിലർപ്പിക്കാൻ കഴിയണം. അവിടെ ഭരമേല്പിച്ചിട്ടു പോയാൽ നാം പരാജയം കാണുകയില്ല. നമുക്കു നന്മയായിട്ടുള്ളതു മറിയം സാധിച്ചുതരും.

പ്രതിവർഷം ഏതാണ്ട് അമ്പതു ലക്ഷത്തോളം പേര് ലൂർദിൽ എത്തിച്ചേരാറുണ്ടെന്നാണു കണക്ക്. അതിൽ വളരെ ചുരുക്കം ചിലരേ സുഖം പ്രാപിച്ച് തിരിച്ചുപോകുന്നുള്ളൂ. സ്ഥലത്തെ നീരുറവയിൽനിന്ന് ഇതിനകം 67 അദ്ഭുതരോഗശാന്തികളേ അവിടുത്തെ ഔദ്യോഗികമെഡിക്കൽ ബ്യൂറോ അംഗീകരിച്ചിട്ടുള്ളൂ - അതുകൂടാതെ വേറെ കുറെ സുഖപ്രാപ്തികളും. എങ്കിലും, എന്തോ ചിലതു ലഭിച്ചുവെന്ന കൃതാർത്ഥതയോടെയാണ് എത്തിച്ചേരുന്നവരെല്ലാം അവിടം വിട്ടുപോരുക. സഹിക്കാനുള്ള ശക്തിയെങ്കിലും സമ്പാദിച്ച് തികഞ്ഞ സംതൃപ്തിയോടെ അവരൊക്കെ മടങ്ങിപ്പോകുന്നു.

■




## ആണ്ടുവട്ടത്തിലെ മാസാദ്യവെള്ളി ആരാധനകൾ

**ഗ്രന്ഥകർത്താ: ഫാ. ജോർജ് കാനംകുടം**




എല്ലാ മാസാദ്യവെള്ളിയാഴ്ചയിലും ആവർത്തനവിരസതയില്ലാതെ പ്രാർഥനകളെ ഏകോപിപ്പിക്കാനും ഗാനങ്ങളെ തിരഞ്ഞെടുക്കാനും ക്ലേശിക്കുന്ന വൈദികരെ സഹായിക്കുന്ന ഉത്തമഗ്രന്ഥം. വിഷയാധിഷ്ഠിതമായി പന്ത്രണ്ട് ആരാധനകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. **പ്രസാധനം : മാർ ലൂയിസ് പബ്ലിക്കേഷൻസ്, എറണാകുളം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില: ₹ 120.**



ഇസ്രയേൽ ഒരു ചരിത്രവിസ്മയം 7

ഡോ. കുര്യാസ് കുമ്പളക്കുഴി

# വെസ്റ്റ് ബാങ്ക്, ഗാസ, പിന്നെ ജറുസലെമും

മധ്യപൂർവദേശത്ത് ഇസ്രയേലിന്റെ പ്രത്യാക്രമണങ്ങൾക്കു നിരന്തരം വേദിയാകുന്ന രണ്ടു പ്രദേശങ്ങളാണ് വെസ്റ്റ് ബാങ്കും ഗാസയും. 1947 ൽ ഐക്യരാഷ്ട്രസംഘടന പലസ്തീൻ വിഭജിച്ച് ഇരട്ടരാഷ്ട്രങ്ങൾക്കു രൂപം കൊടുത്തപ്പോൾ ഈ രണ്ടു പ്രദേശങ്ങളെ സ്വതന്ത്രമായി വിട്ടതാണു പ്രശ്നമായത്.

യോർദാൻനദിയുടെ പടിഞ്ഞാറേ തീരഭാഗമാണ് വെസ്റ്റ് ബാങ്ക്. 5000 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഈ ഭൂഭാഗത്തെ ജനസംഖ്യ 34 ലക്ഷത്തോളം വരും. ഇരുപത്തേഴരലക്ഷവും പലസ്തീൻകാരാണ്. ആറരലക്ഷം ഇസ്രയേൽക്കാരും. 1947 ൽ ഇസ്രയേൽ രാജ്യം സ്ഥാപിച്ചപ്പോൾ വെസ്റ്റ് ബാങ്ക് അറബികൾക്കായി നിലനിർത്തി. 1948 ൽ ജോർദാൻരാജാവ് ഇതു കൈവശപ്പെടുത്തി സ്വന്തം രാജ്യത്തിന്റെ ഭാഗമാക്കി. 1967 ലെ ആറുദിനയുദ്ധം കഴിഞ്ഞപ്പോൾ വെസ്റ്റ് ബാങ്ക് ഇസ്രയേലിന്റെ കൈവശമായി. പി.എൽ.ഒ. യുടെ ഗറില്ലാ ആക്രമണങ്ങൾ ഇവിടെ പതിവുസംഭവമായി. അതുകൊണ്ട് ഇസ്രയേൽ കൂടുതൽ യഹൂദകോളനികൾ സ്ഥാപിച്ചു. നിരന്തരസംഘർഷങ്ങളിൽ പൊറുതിമുട്ടിയ പതിനായിരക്കണക്കിനു ജനങ്ങൾ ലബനനിലേക്കും ജോർദാനിലേക്കും അഭയം തേടിപ്പോയി. 1987 മുതൽ ഇസ്രയേൽ പലസ്തീൻകാരുടെ എതിർപ്പ് കർശനമായി അടിച്ചമർത്തുന്നു. ഇപ്പോൾ പലസ്തീൻ അതോറിറ്റിയാണു ഭരണം നടത്തുന്നത്. ചില ഭാഗങ്ങളിൽ ഹമാസും അധികാരത്തിലുണ്ട്.



ജറുസലെമിലെ വിലാപമതിലിൽ പ്രാർഥിക്കുന്നവർ

മറ്റൊരു പ്രശ്നമേഖലയായ ഗാസ മെഡിറ്ററേനിയൻ തീരത്തെ ഒരു മുനമ്പാണ്. ഈജിപ്തും ഇസ്രയേലുമാണ് ഇരുവശവും. 565 ച. കി.മീറ്റർ മാത്രം വിസ്തൃതിയുള്ള ഈ ഭൂഭാഗം ഇസ്രയേൽ - പലസ്തീൻ സംഘർഷങ്ങൾമൂലം ലോകത്തിനുതന്നെ തലവേദനയാണ്. ജനസാന്ദ്രതയേറിയ ഗാസയിൽ 23 ലക്ഷത്തോളം ജനങ്ങളുണ്ട്. ഇവരിൽ 80 ശതമാനവും അഭയാർത്ഥികളാണ്.

1947 ൽ ഈ ഭൂഭാഗം ഐക്യരാഷ്ട്രസഭ അറബികൾക്കായി നീക്കിവച്ചു. ഉടൻതന്നെ ഈജിപ്തിന്റെ നിയന്ത്രണത്തിലായി. 1955 ലെ ഇസ്രയേൽ സൈനികനടപടിയിൽ കുറെ ഈജിപ്തുകാർ കൊല്ലപ്പെട്ടു. 1956 ലെ യുദ്ധത്തിൽ ഇസ്രയേൽ ഗാസ പിടിച്ചെടുത്തു. എങ്കിലും പിറ്റേവർഷംതന്നെ ഈജിപ്തിനു തിരികെക്കൊടുത്തു. തീവ്രവാദികളുടെ താവളമായി മാറിയ ഗാസ എന്നും ഇസ്രയേലിനു ഭീഷണി ഉയർത്തിക്കൊണ്ടിരുന്നു. 1967 ലെ ആറുദിന യുദ്ധത്തിൽ വീണ്ടും ഇസ്രയേൽ ഗാസ പിടിച്ചെടുത്തു. 1993 ലെ ഓസ്‌ലോ ഉടമ്പടിയോടെ ഗാസയും പലസ്തീൻഭരണത്തിലായി. 2007 ൽ ഫത്താഗവണ്മെന്റിൽനിന്ന് ഹമാസ് അധികാരം പിടിച്ചെടുത്തു.

പിന്നീട് നിരന്തരമായ അവഗണനയ്ക്കു വിധേയമായ ഗാസയിൽ തീവ്രവാദം മാത്രമാണു കൊഴുത്തത്. ജനങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയുംകൊണ്ടു വലഞ്ഞു. ഹമാസിന്റെ ഭീകരപ്രവർത്തനങ്ങൾക്കു മനുഷ്യകവചമാകാനായിരുന്നു ഗാസയുടെ വിധി.

ജറുസലേമാണു മറ്റൊരു സംഘർഷഭൂമി. യഹൂദരുടെ പ്രാചീനദൈവാലയത്തിന്റെ സാന്നിധ്യംകൊണ്ട് അവർ ഈ നഗരത്തെ പുണ്യഭൂമിയായി കരുതുന്നു. ഓരോ യഹൂദനും ഈ നഗരത്തോട് ഒരു വൈകാരികബന്ധമുണ്ട്.

മുസ്ലീങ്ങൾക്കും ജറുസലെം പുണ്യനഗരംതന്നെ. പ്രവാചകൻ മുഹമ്മദുനബി സ്വർഗാരോഹണം ചെയ്തത് ജറുസലെമിൽനിന്നാണെന്ന് അവർ വിശ്വസിക്കുന്നു.

യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും നടന്ന സ്ഥലം എന്ന നിലയിൽ ക്രൈസ്തവർക്കും ജറുസലെം ഒരു വിശുദ്ധ നഗരംതന്നെ. ബൈബിളിലെ പരാമർശങ്ങൾ അനുസരിച്ച് ബി.സി. 1000 ൽ ദാവീദുരാജാവു ജറുസലേം തന്റെ തലസ്ഥാനമായി പ്രഖ്യാപിക്കുകയും നഗരം പണിതുയർത്തുകയും ചെയ്തു. ദാവീദിന്റെ പുത്രൻ സോളമനാണു ജറുസലേം ദൈവാലയം പണി ചെയ്തത്. അതുമുതൽ ഇസ്രയേൽക്കാരുടെ ഏറ്റവും പ്രധാന ആരാധനാകേന്ദ്രമായി ജറുസലേം മാറി. എല്ലാവർഷവും ജറുസലേം ദേവാലയത്തിലെത്തി പെസഹാ ആചരിക്കുന്നത് ഓരോ യഹൂദന്റെയും സുപ്രധാന വിശുദ്ധകർമ്മമായി കരുതപ്പെട്ടു. എ.ഡി. 70 ൽ ജറുസലേംദേവാലയവും നഗരവും തകർക്കപ്പെട്ടതോടെ ഇതിനെല്ലാം വിരാമമായി.

എ.ഡി. 70 ൽ ടൈറ്റസ് ബാക്കിവച്ചത് ജറുസലേം ദേവാലയത്തിന്റെ വൻചുറ്റുമതിലിന്റെ പടിഞ്ഞാറേഭാഗം മാത്രമാണ്. അന്നുമുതൽ യഹൂദർ അവിടെയെത്തി മതിലിൽ തലമുട്ടിച്ചുകൊണ്ടു കരഞ്ഞു പ്രാർഥിക്കുകയും ദേവാലയത്തിന്റെയും നഗരത്തിന്റെയും പുനർനിർമാണത്തിനുവേണ്ടിയുള്ള പ്രാർഥനകൾ തുണ്ടുകടലാസുകളിലെഴുതി മതിലിന്റെ വിടവുകളിൽ തിരുകിവയ്ക്കുകയും ചെയ്തു വരുന്നു. യഹൂദറബ്ബിമാർ അവിടെയിരുന്ന് മുടങ്ങാതെ വിശുദ്ധലിഖിതങ്ങൾ വായിക്കുന്നതും കാണാം. ഇക്കാരണങ്ങളാലാവാം ഈ മതിലിനു വിലാപമതിൽ എന്നു പേരുവന്നത്.




ഇവിടെയുമുണ്ട് മുസ്ലീങ്ങളുടെ അവകാശവാദം. ഈ മതിലിൽനിന്നാണത്രേ മുഹമ്മദു നബി അള്ളാഹുവിന്റെ സമീപത്തേക്കു യാത്ര പുറപ്പെട്ടത്.

1947 ൽ ഐക്യരാഷ്ട്രസഭ ഇസ്രയേൽ രൂപീകരണം പ്രഖ്യാപിച്ചപ്പോൾ ജറുസലേം നഗരത്തെ, അതിന്റെ യഹൂദ, ക്രൈസ്തവ, മുസ്ലീം അവകാശവാദങ്ങൾ കണക്കിലെടുത്ത്, ഐക്യരാഷ്ട്രസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു അന്താരാഷ്ട്രനഗരമായി നിലനിർത്തുകയാണു ചെയ്തത്. 1948 ലെ യുദ്ധത്തിനുശേഷം പടിഞ്ഞാറൻ ജറുസലേം ഇസ്രയേലിന്റെ നിയന്ത്രണത്തിലായി. വിലാപമതിൽ ഉൾപ്പെടെയുള്ള കിഴക്കൻജറുസലേം ജോർദാന്റെ കൈവശവുമായി. 1967 ലെ ആറുദിനയുദ്ധത്തിൽ കിഴക്കൻ ജറുസലംകൂടി പിടിച്ചെടുത്ത ഇസ്രയേൽ ആ ഭാഗത്തെക്കൂടി പടിഞ്ഞാറൻ ഭാഗത്തോടുകൂട്ടിച്ചേർത്തു. 1980 ൽ പ്രത്യേക നിയമനിർമ്മാണം വഴി ഇസ്രയേൽ ജറുസലേമിനെ തങ്ങളുടെ തലസ്ഥാനമായി പ്രഖ്യാപിച്ചു. എന്നാൽ, അമേരിക്കയൊഴികെ മറ്റു രാജ്യങ്ങളൊന്നും ഈ നീക്കത്തിന് അംഗീകാരം നല്കിയില്ല. ഇസ്രയേലിന്റെ അധീനതയിൽ ജറുസലേംനഗരം, അതിന്റെ ത്രിമുഖവിശുദ്ധപദവിക്കു യാതൊരു കോട്ടവും തട്ടാതെ ഇന്നും സംരക്ഷിക്കപ്പെടുന്നു.

*(തുടരും)*

## ശ്രേഷ്ഠമലയാളം

# മൃഷ്ടാന്നം = മൃഷ്ടഭോജനം



ഡോ. ഡേവിസ് സേവ്യർ

സംസ്കൃതപദങ്ങളിൽ നിരുക്ത്യർഥം പ്രധാനമാണ്. പദനിഷ്പത്തി മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ അർഥം മാറിപ്പോകാം. സംയുക്തപദങ്ങളിൽ പൂർവപദത്തിന്റെയും ഉത്തരപദത്തിന്റെയും അർഥം വെവ്വേറെ ഗ്രഹിക്കേണ്ടതുണ്ട്. ഒറ്റയ്ക്കൊറ്റയ്ക്കു നിൽക്കുമ്പോഴും ചേർന്നിരിക്കുമ്പോഴും വിവക്ഷിതത്തിനു ഭേദം ഉണ്ടാകാമല്ലോ.

മൃഷ്ടാന്നം, മൃഷ്ടഭോജനം എന്നീ സമസ്തപദങ്ങളുടെ നിരുക്തിയും പൊരുളും പരിശോധിക്കാം. മൃഷ്ട + അന്നം = മൃഷ്ടാന്നം; മൃഷ്ട + ഭോജനം = മൃഷ്ടഭോജനം. രണ്ടു ഹ്രസ്വസ്വരങ്ങൾ അടുത്തടുത്തു വരുമ്പോൾ, സ്വരങ്ങൾ സമ്മേളിച്ച് ഒരു ദീർഘം മാത്രം അവശേഷിക്കുന്ന ദീർഘസന്ധിയുടെ നിയമമാണ്(അ + അ + ആ) മൃഷ്ടാന്നം എന്ന പദയോഗത്തിന് അവലംബം. മൃഷ്ടാന്നംതന്നെയാണ് മൃഷ്ടഭോജനം. മൃഷ്ട+ഭോജനം = മൃഷ്ടഭോജനം(സംഹിതമാത്രം);

മൃജു ശുദ്ധൗ - മൃഷ്ടം. ശുദ്ധിയാക്കപ്പെട്ട എന്നർഥം. നിർണിക്തം (ഏറ്റവും ശുദ്ധി വരുത്തപ്പെട്ടത്), ശോധിതം (ശോധനം ചെയ്യപ്പെട്ടത്) എന്നും അമരകോശം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്ന് മൃഷ്ടത്തിന് മർശിക്കപ്പെട്ടത്, മാർജനം ചെയ്യപ്പെട്ടത്, പാകം ചെയ്യപ്പെട്ടത് തുടങ്ങിയ വിവക്ഷിതങ്ങൾ കല്പിക്കാം. മൃഷ്ടാന്നത്തിനും മൃഷ്ടഭോജനത്തിനും വെടിപ്പായ ഭക്ഷണം, വയറുനിറയെയുള്ള ഭക്ഷണം എന്നിങ്ങനെയാണർഥം.

മൃഷ്ടത്തിനു പകരം 'മൃഷ്ഠം' എന്നൊരു രൂപമില്ല. 'മൃഷ്ഠാന്ന'വും 'മൃഷ്ഠഭോജന'വും അപപാഠങ്ങളാണ്. തൃപ്തിയാകുമാറ് യഥേഷ്ടം ഭുജിക്കലാണ് മൃഷ്ടഭോജനം. ഫലത്തിൽ മൃഷ്ടാന്നവും മൃഷ്ടഭോജനവും ഒന്നുതന്നെ. ഈ തത്ത്വം ഗ്രഹിക്കാതെ 'മൃഷ്ടാന്നഭോജനത്തിന്' അന്നം, ഭോജനം എന്നീ രണ്ടുവാക്കുകളിൽ ഒന്നു മതി എന്നറിയാതെ പോകുന്നത് നിരുക്തിബോധം നഷ്ടപ്പെടുന്നതുകൊണ്ടാണ്. അനാവശ്യമായ ആവർത്തനം; പൗനരുക്ത്യം എന്ന ദോഷം. നവീന അപശബ്ദനിഘണ്ടുകാരനായ കൃഷ്ണൻ ചേലേമ്പ്ര എഴുതുന്നു: "വയറുനിറയെയുള്ള ഭക്ഷണം, തൃപ്തികരമായ ഭക്ഷണം, മൃഷ്ടാന്നം (മൃഷ്ടഭോജനം). മൃഷ്ടാന്നഭോജനം തെറ്റ്."

*പരമേശ്വരൻ മൂസ്സത്, ടി. സി. അമരകോശം(പാരമേശ്വരി) എൻ.ബി.എസ്. കോട്ടയം, 2013, പുറം - 693.

** കൃഷ്ണൻ ചേലേമ്പ്ര, നവീന അപശബ്ദനിഘണ്ടു, ഒലിവ് ബുക്സ്, കോഴിക്കോട്, 2025, പുറം - 444.

# പഠിപ്പിച്ചാൽ മാത്രം പോരാ; സ്വയം പാഠപുസ്തമാകണം

**സെപ്റ്റംബർ 5 : അധ്യാപകദിനം**

**അഡ്വ. ചാർളി പോൾ**

**ഹൃദയം ഹൃദയത്തോടു സംവദിക്കുന്ന സ്നേഹത്തിന്റെ മന്ദ്രസ്വരം അധ്യാപകരിൽനിന്നു വിദ്യാർഥിക്കു ലഭിക്കണം. വിദ്യാർഥികൾക്കു കൈത്താങ്ങാകാനും അവരുടെ ജീവിതവഴികളിൽ ദിശാസൂചകങ്ങളാകാനും അധ്യാപകനു കഴിയുമ്പോഴേ അധ്യാപനത്തിന്റെ വിശുദ്ധി പൂർണത കൈവരിക്കുകയുള്ളൂ. അധ്യാപനം സ്നേഹത്തിന്റെയും പ്രേരണയുടെയും കലയാണ്.**

**ഭാ**രതത്തെ ദർശനികതയുടെ ഗരിമകൊണ്ട് ലോകത്തോളം ഉയർത്തിയ മഹാനായ ഡോ. എസ് രാധാകൃഷ്ണൻ പറഞ്ഞു: 'ഓരോ അധ്യാപകനും ഓരോ നിർമാണശിലയാകണം.' സെപ്റ്റംബർ 5 അധ്യാപകദിനമായി ആചരിക്കുമ്പോൾ അതിനു കാരണഭൂതനായ ഡോ. രാധാകൃഷ്ണന്റെ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്. ഓരോ വിദ്യാർഥിയിലും രൂപപ്പെടേണ്ട ഉത്തമഗുണങ്ങളുടെയും സൽസ്വഭാവങ്ങളുടെയും നിർമാണശിലയായി അധ്യാപകൻ മാറണം.

മറ്റൊരർഥത്തിൽ 'അധ്യാപകൻ തലമുറകളെ വാർത്തെടുക്കുന്ന ശില്പിയാണ്.' ശിലയിൽനിന്നു ശില്പി ശില്പം മെനഞ്ഞെടുക്കുന്നതുപോലെ ഓരോ വിദ്യാർഥിയെയും ഉത്തമശില്പങ്ങളായി വാർത്തെടുക്കാൻ അധ്യാപകനു കഴിയണം. തങ്ങളിലെ കഴിവുകളെ രാകിയെടുക്കാൻ കുട്ടികൾക്ക് അവസരം നൽകണം. അവർക്കു താത്പര്യമുള്ള പദ്ധതികളിൽ സ്വയം മുഴുകി മസ്തിഷ്കവും മനസ്സും കൈകളും



സ്വതന്ത്രമായി പ്രവർത്തിക്കുമ്പോഴാണ് സർഗശേഷി ഉണരുക. സർഗാത്മകതയുടെ പ്രവാഹത്തെ അധ്യാപകൻ ത്വരിതപ്പെടുത്തണം. അതിന് അധ്യാപകൻ കുട്ടികളെ സ്നേഹിക്കണം, മാർഗദർശനം നല്കണം, പ്രേരിപ്പിക്കണം, ദിശാബോധം പകരണം, സൗഹൃദപൂർണമായ ആശയവിനിമയം നടത്തണം, ബോധ്യാവബോധങ്ങൾ ഊട്ടിയുറപ്പിക്കണം, വിദ്യാർഥികളുടെ സഹസഞ്ചാരിയാകണം, സുഹൃത്താകണം, പ്രചോദിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അഭിനന്ദിക്കാനും സമയം കണ്ടെത്തണം. ഓരോ വിദ്യാർഥിയും ഓരോ നിധിയാണ്. അതു കണ്ടെത്തി സമൂഹത്തിനു സംലഭ്യമാക്കാൻ അധ്യാപകർക്കു കഴിയണം.

ഒരു രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണയിക്കപ്പെടുന്നത് ക്ലാസ്സ്മുറികളിലൂടെയാണ്. അവിടെ മൂല്യശോഷണവും കർമശോഷണവും ധർമശോഷണവും സംഭവിച്ചുകൂടാ. ഏറ്റവും മൂല്യമുള്ള സൽപ്രവൃത്തിയായിട്ടാണ് അധ്യാപനത്തെ കാണുന്നത്.

അധ്യാപകദിനം ഒരു ഓർമപ്പെടുത്തലാണ്. അധ്യാപകൻ അനുഷ്ഠിക്കേണ്ട ധർമങ്ങളെക്കുറിച്ചും വിദ്യാർഥികളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ചുമുള്ള ഓർമപ്പെടുത്തൽ. ഈ മഹത്തായ സാമൂഹികഉത്തരവാദിത്വവും കർത്തവ്യവും പുനരർപ്പണം ചെയ്യാൻ ഓരോ അധ്യാപകർക്കും കഴിയേണ്ടതുണ്ട്.

'കാടുകൾ നശിപ്പിക്കുകയല്ല, മരുഭൂമിയിൽ ജലസേചനം നടത്തുകയാണ്' ആധുനിക അധ്യാപനത്തിന്റെ ദൗത്യം. പലതരം മാനസികഘടനയുള്ളവരാണ് വിദ്യാർഥികൾ. നിരവധി പ്രശ്നങ്ങളെ അവർ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് 5.5 ലക്ഷം കുട്ടികൾ അരക്ഷിതമായ സാഹചര്യത്തിൽ വളരുന്നു എന്ന് വനിതാ-ശിശുവികസന വകുപ്പ്, വീടുകളിൽ നടത്തിയ വൾനറബിലിറ്റി മാപ്പിങ്ങിലൂടെ കണ്ടെത്തിയിരുന്നു. കുടുംബപ്രശ്നങ്ങൾ, മാതാപിതാക്കൾ വേർപിരിഞ്ഞു താമസിക്കുന്ന കുടുംബങ്ങൾ, സ്ഥിരമായ കലഹങ്ങൾ, കുട്ടികളോടുള്ള സ്നേഹക്കുറവും അവഗണനയും, ക്രൂരമായ ശിക്ഷാനടപടികൾ, മാതാപിതാക്കളുടെ പൊരുത്തക്കേടുകൾ, ടോക്സിക് പേരന്റിങ്, ധാർമികാധഃപതനം, മാതാപിതാക്കളുടെ രണ്ടാംവിവാഹം, ഒളിച്ചോട്ടം, മദ്യപാനം, മയക്കുമരുന്നു പയോഗം, സാമ്പത്തികപ്രശ്നങ്ങൾ, പഠനവൈകല്യങ്ങൾ, മാനസികപ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ കുട്ടികളെ അരക്ഷിതരും പ്രശ്നക്കാരുമായി മാറ്റിയിട്ടുണ്ട്. സ്നേഹം കൊണ്ടും സഹാനുഭൂതികൊണ്ടുംമാത്രം ഈ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുക എളുപ്പമല്ല. പല പ്രശ്നങ്ങൾക്കും കൗൺസലിങ്ങും സൈക്കോതെറാപ്പികളും സൈക്യാട്രിക് ചികിത്സകളും വേണ്ടിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഓരോ അധ്യാപകരും കൗൺസിലർമാരായി മാറേണ്ടതുണ്ട്. കൗൺസിലിങ്ങിന്റെ ബാലപാഠങ്ങളെങ്കിലും അധ്യാപകർ സ്വായത്തമാക്കിയെങ്കിലേ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നു കണ്ടെത്താനാവൂ.

കുട്ടികളുടെ സമ്മർദങ്ങൾ കുറച്ച് , അരുതുകളും ആജ്ഞകളും ഒഴിവാക്കി, കാർക്കശ്യങ്ങളുടെ ചൂരൽ ഭാഷയില്ലാതെ കുഞ്ഞുങ്ങളിലേക്കിറങ്ങിച്ചെല്ലാൻ അധ്യാപകർക്കു കഴിയണം. ആത്മാഭിമാനത്തിന് ക്ഷതമേല്പിക്കാത്തവിധം താക്കീതുകളോ തിരുത്തലുകളോ നൽകാൻ കഴിയണം. കുട്ടികളുടെ മാനസികവ്യാപാരങ്ങളെ അടുത്തറിയാൻ മാതാപിതാക്കൾക്കും സഹരക്ഷിതാക്കളായ അധ്യാപകർക്കും സാധിക്കണം. എല്ലാം തുറന്നുപറഞ്ഞ് സംവദിക്കാനും കൂട്ടുകൂടാനും കഴിയുന്നിടങ്ങളാകണം വീടും വിദ്യാലയവും.

ഇവ കുഞ്ഞുങ്ങളുടെ സുരക്ഷിത കേന്ദ്രങ്ങളാകണം. കരുതലും കരുണയും കാവലും സ്നേഹവും നൽകി കുട്ടികളെ പ്രചോദിപ്പിക്കണം. തിരുത്താനും ഭാവിജീവിതത്തെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാനുമുള്ള മാർഗനിർദേശങ്ങളും സ്നേഹശാസനകളുമാണ് നൽകേണ്ടത്. നോവുകൾ സമ്മാനിക്കാതെ കുട്ടികൾ തിരുത്തപ്പെടണമെന്ന ഉദ്ദേശ്യത്തോടെയുള്ള സമീപനങ്ങളാണ് അഭികാമ്യം.

സർഗാത്മകവും സന്തോഷദായകവുമായ അന്തരീക്ഷമാണ് വിദ്യാലയങ്ങളിൽ പുലരേണ്ടത്. 1990 കളിൽ ഉയർന്നുവന്ന പോസിറ്റീവ് സൈക്കോളജി പഠനത്തിലും ജീവിതത്തിലും പരമപ്രധാനം സന്തുഷ്ടിയാണെന്നു കണ്ടെത്തിയിട്ടുണ്ട്. സർഗാത്മകത, പരിശ്രമശീലം, സഹാനുഭൂതി, ജിജ്ഞാസ, പ്രേരണ, സംഘപ്രവർത്തനം തുടങ്ങിയവ സന്തുഷ്ടി വർദ്ധിപ്പിക്കും. മനഃശാസ്ത്രജ്ഞനായ ജൊഹാൻ പെസ്റ്റലോസി സന്തോഷവും പഠനവും തമ്മിൽ പരസ്പരബന്ധം ഉണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ജീവിതത്തിൽ ഉടനീളം അനുഭവിക്കുന്ന അർഥപൂർണമായ സന്തുഷ്ടിയാണ് മനുഷ്യന്റെ വളർച്ചയും വികസനവും സാധ്യമാക്കുന്നത്. മാനസികാരോഗ്യം വർദ്ധിപ്പിക്കുന്ന തലങ്ങളിലേക്കു പരിശീലനപരിപാടികൾ വിദ്യാലയങ്ങളിൽ ആരംഭിക്കണം. അധ്യാപകരും വിദ്യാർഥികളും സഹപാഠികളും തമ്മിൽ തമ്മിൽ നല്ല ബന്ധവും അർഥപൂർണമായ പാഠ്യപദ്ധതിയും ഉണർവേകുന്ന മനോ-ഭൗതിക സാഹചര്യങ്ങളും സംജാതമായാൽ മാനസികസംഘർഷം ഗണ്യമായി കുറയും. സന്തുഷ്ടിയുടെയും സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും മാനങ്ങളിൽ വ്യാപരിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിച്ചെടുത്താൽ മാത്രമേ വിദ്യാഭ്യാസലക്ഷ്യം കൈവരിക്കാൻ കഴിയു.

വിദ്യാഭ്യാസത്തിന്റെ മൗലികമായ ലക്ഷ്യം സ്വഭാവഗുണമാണെന്നും സ്വഭാവഗുണം ആർജിക്കാത്ത വിദ്യാഭ്യാസം ഉപയോഗശൂന്യമാണെന്നും ഡോ. എസ് രാധാകൃഷ്ണൻ പറഞ്ഞുവയ്ക്കുന്നുണ്ട്. ഏറ്റവും ശ്രേഷ്ഠവും മഹനീയവുമായ ശുശ്രൂഷയാണ് അധ്യാപനം. പഠിപ്പിക്കുക എന്നത് ദൈവികമാണ്. മനുഷ്യത്വത്തിൽനിന്ന് ഒരുവനെ ദൈവികതയിലേക്ക് ഉയർത്തുന്നവനാണ് ആചാര്യൻ. അധ്യാപകന്റെ വിളി സവിശേഷമായ ഒന്നാണ്. ആ വിളിയെ ദൈവവിളിയായിത്തന്നെ കാണണം. സമൂഹത്തിനുള്ള ഈശ്വരന്റെ വരദാനമാണ് അധ്യാപകൻ.

ഹൃദയം ഹൃദയത്തോടു സംവദിക്കുന്ന സ്നേഹത്തിന്റെ മന്ദ്രസ്വരം അധ്യാപകരിൽനിന്നു വിദ്യാർഥിക്കു ലഭിക്കണം. വിദ്യാർഥികൾക്കു കൈത്താങ്ങാകാനും അവരുടെ ജീവിതവഴികളിൽ ദിശാസൂചകങ്ങളാകാനും അധ്യാപകനു കഴിയുമ്പോഴേ അധ്യാപനത്തിന്റെ വിശുദ്ധി പൂർണത കൈവരിക്കുകയുള്ളൂ. അധ്യാപനം സ്നേഹത്തിന്റെയും പ്രേരണയുടെയും കലയാണ്. നനഞ്ഞ സിമന്റിനു സമാനമാണ് കുട്ടികളുടെ മനസ്സ്. അവിടെ പതിയുന്ന മുദ്രകൾ കാലങ്ങളോളം നിലനിൽക്കും. അതിനാൽ ഏറ്റവും കരുതലോടെ നിർവഹിക്കപ്പെടേണ്ടതാണ് അധ്യാപനം. അധ്യാപകൻ സർവഗുണങ്ങളുടെയും വിളനിലമായിരിക്കണം എന്നാണ് ഭാരതീയസങ്കല്പം. തൈത്തരീയോപനിഷത്തിൽ 'അധ്യാപകൻ ദൈവത്തിന്റെ പ്രതീകമാണ്.' കഠോപനിഷത്തിന്റെ കാഴ്ചപ്പാടനുസരിച്ച് ഗുരു ദൈവത്തിന്റെ പ്രകാശവാഹകനാണ്. നിത്യനന്മകളുടെ ഉറവിടമാകണം അധ്യാപകൻ. കുട്ടികളുടെ മുന്നിൽ അബദ്ധത്തിൽ പോലും ദുർമാതൃകയായി അധ്യാപകൻ പ്രത്യക്ഷപ്പെടരുത്. കുട്ടികൾ അവരുടെ കാതുകളെക്കാൾ കണ്ണുകളെയാണു വിശ്വസിക്കുക. അധ്യാപകരെ വിദ്യാർഥികൾ ഉത്തമമാതൃകയായാണ് വീക്ഷിക്കുന്നത്. അതിനാൽ അധ്യാപകന്റെ നോട്ടം, വാക്ക്, പ്രവൃത്തി എന്നിവ സൂക്ഷ്മവും നിതാന്തജാഗ്രതയോടുകൂടിയതുമാകണം. അധ്യാപകന്റെ ധർമപ്പിഴ സമൂഹത്തെ മൊത്തമായി ബാധിക്കും. 'ആശാന് അക്ഷരം ഒന്നു പിഴച്ചാൽ അമ്പത്തിയൊന്നു പിഴയ്ക്കും ശിഷ്യന്' എന്ന പഴമയുടെ പ്രയോഗം അർഥവത്താണ്. ചുരുക്കത്തിൽ ഒരു വിദ്യാർഥിക്കു കിട്ടാവുന്ന ഏറ്റവും നല്ല പാഠപുസ്തകം ആയിരിക്കണം അധ്യാപകൻ.

■

നോവൽ 6



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

സെമിത്തേരിയിലെത്തി ഫോട്ടോകളെടുത്ത് തങ്ങളുടെ സമീപത്തുകൂടി കടന്നുപോയ പൊലീസുകാരൻ രണ്ടുതവണ സംശയദൃഷ്ടിയോടെ തിരിഞ്ഞു നോക്കിയത് അരുൺ കണ്ടു. റോണി തീർത്തും വികാരാധീനനായിരുന്നു. ജീനായുടെ കല്ലറയിലേക്കു നടക്കുമ്പോൾ അവന്റെ കൈകൾ വിറയ്ക്കുന്നതുപോലെ തോന്നി. പടിഞ്ഞാറൻ ചക്രവാളം അപ്പോൾ ചെമ്പട്ടു പുതയ്ക്കുകയായിരുന്നു. മൂന്നുപേരും ജീനായുടെ കല്ലറയ്ക്കു മുമ്പിലെത്തി നിന്നു. ഗ്രാനൈറ്റ് ഫലകമൊന്നും സ്ഥാപിച്ചിട്ടില്ല. മൂന്നു സിമന്റ് സ്ലാബുകൾ അടുക്കി ചാന്തുകൊണ്ടു ബലപ്പെടുത്തിയിട്ടേയുള്ളൂ.

റോണി ഉച്ചത്തിൽ പൊട്ടിക്കരഞ്ഞുകൊണ്ട് അതിനുമുമ്പിൽ മുട്ടുകുത്തി. പിന്നെ പലതും പറഞ്ഞുകൊണ്ട് സ്ലാബിലേക്കു മുഖമമർത്തി കുനിഞ്ഞുകിടന്നു. ഭ്രാന്തമായ ആവേശത്തോടെ സ്ലാബിനുമേൽ മുഖം ശക്തിയായുരസി. അവൻ പറയുന്നതൊന്നും ഷേർലിക്കും അരുണിനും വ്യക്തമായില്ല. അവനും ജീനായ്ക്കും മാത്രമറിയാവുന്നതെന്തൊക്കെയോ പുലമ്പുകയാണ്.

“കരയട്ടെ. പറയട്ടെ. അങ്ങനെയെങ്കിലും അവന്റെ സങ്കടം കുറച്ചെങ്കിലുമൊതുങ്ങട്ടെ.” ഷേർലി, അരുണിനോടു പതിയെ പറഞ്ഞു.

“പോലീസ് പ്രൊട്ടക്ഷനോടെയാണെങ്കിലും ഒടുവിൽ അവളുടെ മുഖം ഒന്നു കാണിക്കാമായിരുന്നു. കാണാൻ പറ്റാത്ത സങ്കടം ഒരിക്കലും മനസ്സീന്നു പോകില്ല.” അരുൺ പ്രതികരിച്ചു.

സമയം കുറെ കഴിഞ്ഞിട്ടും അവനെഴുന്നേൽക്കാതിരുന്നപ്പോൾ, അരുണിനും ഷേർലിക്കും ഭയം തോന്നി. അവർ ഇരുവശത്തുമായിച്ചെന്ന് തോളിൽ തട്ടി.

“റോണീ... മതി. എഴുന്നേല്ക്ക്.” ഷേർലി കുലുക്കിവിളിച്ചുകൊണ്ടു പറഞ്ഞു.

പ്രതികരണമുണ്ടായില്ല. അപ്പോഴും ജീനായോടായി അവനെന്തൊക്കെയോ പറയുന്നതുപോലെ തോന്നി. പിന്നെ വളരെ ശ്രമപ്പെട്ട് അവർ റോണിയെ പിടിച്ചെഴുന്നേല്പിച്ചു. അവന്റെ മുഖത്തപ്പോൾ സിമെന്റ്പൊടിയും മണൽത്തരികളും പറ്റിച്ചേർന്നിരുപ്പുണ്ടായിരുന്നു. ഷേർലി ഷോളിന്റെ തുമ്പുകൊണ്ട് അതു തുടച്ചുനീക്കി. അരുൺ അവനെ തോളിൽ ചാരിനിർത്തി.

അപ്പോൾ, കല്ലറസ്ലാബിനുമേൽ ആരോ വച്ചിട്ടുപോയ അതിവിശിഷ്ടമായ ഒരു പുഷ്പചക്രം ഷേർലി ശ്രദ്ധിച്ചു. ചുവപ്പും വെള്ളയും മഞ്ഞയും നിറത്തിലുള്ള റോസാപുഷ്പങ്ങൾ ചേർത്തു നിർമ്മിച്ചതായിരുന്നു അത്. പൊലീസുകാരൻ അതിന്റെ ഫോട്ടോ ആയിരിക്കുമെടുത്തതെന്ന് അവൾക്കു തോന്നി. കുറച്ചുകൂടി അടുത്തുചെന്ന് ഷേർലി അത് സൂക്ഷ്മമായി നിരീക്ഷിച്ചു. ഗിൽറ്റ് പതിച്ച മനോഹരമായ അക്ഷരങ്ങളിൽ പുഷ്പചക്രത്തിനുമേൽ എഴുതിയിരിക്കുന്നത് അവൾ വായിച്ചു:

“ജീനാ... നീ എന്റെ സ്നേഹം തിരിച്ചറിഞ്ഞില്ലല്ലോ.

എന്നെ അവഗണിച്ചു. നിന്റെ സ്നേഹത്തിനായി ഞാനൊത്തിരി കൊതിച്ചു, മരിച്ചുപോയിട്ടും, ഇന്നും ഈ നിമിഷവും, നിന്നെ സ്നേഹിച്ചുകൊണ്ടിരിക്കുന്ന സഹപാഠി.

മനസ്സിൽ സംശയത്തിന്റെ അഗ്നിയാളിയെങ്കിലും അങ്ങനെയൊന്നു കണ്ടതായിപ്പോലും ഭാവിക്കാതെ ഷേർലി, റോണിയോടും അരുണിനോടുമൊപ്പം സെമിത്തേരിക്കു പുറത്തേക്കു നടന്നു.

*  *  *  *

‘‘ഹലോ, പാലച്ചുവട്ടിൽ ജോസിന്റെ മകൻ ടോണിയല്ലേ?”

“അതേ. ആരാ വിളിക്കുന്നെ?”

“സി.ഐ. മോഹൻ തോമസാണ്. താനെവിടാണിപ്പോൾ?”

“ഞാൻ... വർക്ക്ഷോപ്പിലാണ് സാർ.”

“പെട്ടെന്ന് സ്റ്റേഷനിൽവന്ന് എന്നെയൊന്നു കാണണം.”

“വരാം. ഉടനെ വരാം സാർ.”

അഴുക്കു പുരണ്ട വസ്ത്രം പെട്ടെന്നു മാറി ബൈക്കുമെടുത്ത് ടോണി സ്റ്റേഷനിലേക്കു ശീഘ്രം പാഞ്ഞു. ഇരുപതുമിനിട്ടുകൊണ്ട് അവൻ പൊലീസ്സ്റ്റേഷനിലെത്തി.

ശരിക്കും വെപ്രാളത്തോടെയാണ് സർക്കിൾ ഇൻസ്പെക്ടറുടെ മുറിയിലേക്കു കയറിച്ചെന്നത്.


സി.ഐ. മോഹൻ തോമസ് മുഖമുയർത്തി അവനെ നോക്കി. ‘‘എന്തിനാ സാറെ വിളിച്ചത്?’’ ടോണി ചോദിച്ചു.

“താനിരിക്ക്.” സി.ഐ. പറഞ്ഞു.

ടോണി കസേരയിൽ കടന്നിരുന്നു.

‘‘പോലീസ് ഒന്നും ചെയ്യുന്നില്ല. രാഷ്ട്രീയക്കാര് പറയുന്നതേ കേൾക്കുകയുള്ളൂ നീതി പ്രതീക്ഷിക്കുന്നില്ല, എന്നൊക്കെ ടോണി ചാനലുകാരോടും പത്രക്കാരോടും പറയുന്നത് ടെലിവിഷനിൽ കണ്ടു.”

“അത്... ഇതുവരെ അയാളെ അറസ്റ്റ് ചെയ്യാത്തതുകൊണ്ടാ.



ഞങ്ങള് പാവങ്ങളാ. ഒരു ചെറിയ വർക്ക്ഷോപ്പ് നടത്തിയാ ജീവിക്കുന്നെ. വെറും ഇരുപത്തിയാറു വയസ്സേയുണ്ടായിരുന്നുള്ളൂ എന്റെ പെങ്ങൾക്ക്. അവളുടെ ജീവന് ഒരു വിലയുമില്ലേ... സാർ?” പഠിച്ചുവച്ചിരുന്നതുപോലെ ടോണി പറഞ്ഞു.

“തന്റെ പെങ്ങളുടെ മരണം സൂയിസൈഡാണെന്നാണ് പോലീസിന്റെ പ്രാഥമികനിഗമനം. എങ്കിലും ചില സംശയങ്ങൾ ശേഷിക്കുന്നമുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വൈകുകയാണ്. രാഷ്ട്രീയക്കാര് മരിച്ചയാളിനുവേണ്ടിയും ഭർത്താവിന്റെ അച്ഛനുവേണ്ടിയും വിളിക്കുന്നുണ്ട്. മേടയ്ക്കൽ മാത്തുക്കുട്ടിയെ വിളിച്ച് ചോദ്യങ്ങൾ ചെയ്തു. അറസ്റ്റു ചെയ്യാനുള്ള തെളിവുകളൊന്നും ഇതുവരെ കിട്ടിയിട്ടില്ല. ഒരു കാര്യം ടോണി മനസ്സിലാക്കണം. രാഷ്ട്രീയക്കാര് അവരുടെ പണി ചെയ്യുന്നു. ഞാനെന്റെ പണിയും.”

“സാറേ... സാറ് സത്യസന്ധനാണെന്നും കഴിവുള്ളവനാണെന്നും ഞാൻ കേട്ടിട്ടുണ്ട്. എനിക്കു വിശ്വാസവുമുണ്ട്. ഞാനൊരു കാര്യം പറയട്ടെ, സാർ?”

“പറയ്.”

‘‘മേടയ്ക്കൽ മാത്തുക്കുട്ടി എന്റെ പെങ്ങളെ കൊന്നെന്നു ഞാൻ പറയുന്നില്ല. അയാൾ കൊല്ലിച്ചതാ സാറെ. ക്വട്ടേഷനെടുത്തവരെ പിടിച്ചാൽപ്പോര സാറെ. അതു ചെയ്യിച്ചവനെയും ശിക്ഷിക്കണം.”

“കുറ്റവാളി ആരായാലും അവനെ കണ്ടെത്തി നിയമത്തിന്റെ മുമ്പിലെത്തിക്കും. ശിക്ഷിക്കാനും രക്ഷിക്കാനുമൊക്കെയുള്ള അധികാരം എനിക്കില്ല. അതു ചെയ്യേണ്ടത് കോടതിയാണ്.” സി.ഐ. മോഹൻ തോമസ് പറഞ്ഞു

“കോടതിയിൽ തെളിവുകളേക്കാൾ വാദമുഖങ്ങൾക്കല്ലേ വില? ലക്ഷങ്ങൾ മുടക്കി വക്കീലിനെയിറക്കാൻ കഴിവുള്ളവനല്ലേ വിജയം?”

‘‘ഞാനതിനുത്തരം പറയുന്നില്ല. ടോണിയുടെ അപ്പന്റെയവസ്ഥ എങ്ങനെയാണിപ്പോൾ?”

“പപ്പായെ മെന്റൽ ഹോസ്പിറ്റലിലാക്കിയിരിക്കുകയാ. ജീനായുടെ ബോഡി വീട്ടിലേക്കെത്തിച്ചപ്പോൾ കൊടുംഭ്രാന്തിളകി. റോണിയോ അവന്റെ വീട്ടുകാരോ അന്നവിടെ വന്നിരുന്നെങ്കിൽ കൊലപാതകം നടക്കുമായിരുന്നു. പപ്പയ്ക്ക് ഏറ്റവുമിഷ്ടമുണ്ടായിരുന്നത് ജീനായെയാണ്. ഭ്രാന്തിന്റെ സമയങ്ങളിൽ പപ്പായെ തളയ്ക്കുന്നത് ജീനായായിരുന്നു. അവളെ മാത്രമേ അനുസരിക്കുമായിരുന്നുള്ളൂ. സമനിലയുള്ള നേരങ്ങളിൽ ഞങ്ങളുടെ പപ്പായെപ്പോലെ വകതിരുവുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല.”

“ഞാനൊരു കാര്യം ചോദിച്ചാൽ ടോണിക്കു ഫീലു ചെയ്യരുത്.” സി.ഐ. മോഹൻതോമസ് അവനെ സൂക്ഷിച്ചുനോക്കി.

‘‘ഇല്ല സാർ, എന്താണെങ്കിലും ചോദിച്ചോളൂ.’

‘‘ജീനാ എപ്പോഴെങ്കിലും മനോരോഗത്തിന്റെ സൂചനകൾ കാണിച്ചിട്ടുണ്ടോ?”

“ഇല്ല. ഒരിക്കലുമില്ല സാർ.”

“പെട്ടെന്നു ദേഷ്യപ്പെടുക... പിണങ്ങുക... അങ്ങനെയൊക്കെ.”

“സാറു ചിന്തിക്കുന്നത് അവൾക്കും മാനസികരോഗമുണ്ടായിരുന്നോ, എന്നല്ലേ?”

“അങ്ങനെയൊന്നുമല്ലെടോ. മനോരോഗം എല്ലാ മനുഷ്യരിലും കുറേശ്ശേയൊക്കെയുണ്ട്. കോപം, സ്നേഹം, കാമം, വെറുപ്പ്, വൈരാഗ്യം ഇതൊക്കെ കൂടുന്നതല്ലേ മനുഷ്യൻ. മനസ്സിൽ നുരഞ്ഞുയരുന്ന വികാരങ്ങളും വിചാരങ്ങളും നിയന്ത്രിക്കാൻ പറ്റാതെ വരുന്ന അവസ്ഥയാണ് ഭ്രാന്ത്. പെട്ടെന്നുണ്ടാകുന്ന ഒരു തോന്നലാണ് പലരെയും കൊടുംകുറ്റവാളിയാക്കുന്നത്. ജയിലിൽ ശിക്ഷിക്കപ്പെട്ടുകിടക്കുന്ന അവരെക്കാൾ ഭീകരന്മാർ പുറത്തു ജീവിക്കുന്ന ചിലരാണ്.”

“പണവും സ്വാധീനവുമുള്ളവർ എവിടെയും രക്ഷപ്പെട്ടുപോകും. ഒരു തെറ്റും ചെയ്യാത്തവർ പോലും വർഷങ്ങളോളം ജയിലിൽ കിടന്നിട്ടുള്ള വിവരവും പുറത്തുവന്നിട്ടുണ്ടല്ലോ, സാർ.”

“നീ പറഞ്ഞതു ശരിതന്നെ. ഏതൊരു കേസിനെ സംബന്ധിച്ചും പ്രധാനരേഖ ‘എഫ്.ഐ.ആർ.’ ആണ്. അതു തയ്യാറാക്കുന്നത് ഞങ്ങൾ പോലീസാണ്. അതു കുറ്റകരമാണെങ്കിൽ ഒരു പ്രതിക്കും രക്ഷപ്പെട്ടുപോകാനെളുപ്പമല്ല.” സി.ഐ. പറഞ്ഞു.

“എന്റെ പെങ്ങളെ കൊല്ലിച്ചവൻ രക്ഷപ്പെട്ടുപോകുമോ സാർ?” ടോണി ഗദ്ഗദത്തോടെ ചോദിച്ചു.

“ആത്മഹത്യ തെറ്റാണ്, കുറ്റമാണ്. പക്ഷേ, ആ കുറ്റവാളിയെ ശിക്ഷിക്കാനാർക്കു കഴിയും?”

“സാറ്, ജീനാ ആത്മഹത്യ ചെയ്തെന്നുതന്നെ വിശ്വസിക്കുകയാണോ?’’

“അല്ല. ഇതൊരു കേസാണ്. അതിന്റെ എല്ലാവശവും ഞങ്ങൾ അന്വേഷിക്കുകയാണ്. തെളിവുകൾ ശേഖരിക്കുകയാണ്.”

‘‘എനിക്ക് ഒരു പ്രതീക്ഷയുമിപ്പോഴില്ല, സാർ.” പാലച്ചുവട്ടിൽ ടോണി പറഞ്ഞു.

സി.ഐ. മോഹൻ തോമസ് തന്റെ മൊബൈൽ കൈയിലെടുത്തു. വാട്സാപ്പിൽ ഒരു ചിത്രം സെലക്ട് ചെയ്തെടുത്തു. പിന്നെയത് ടോണിക്കു നേരേ നീട്ടി.

‘‘നീയിതൊന്നു നോക്ക്. ഇന്നലെ ജീനായുടെ കല്ലറയ്ക്കു മേൽ ഏതോ ഒരുത്തൻ വച്ച പുഷ്പചക്രമാണിത്. റോസാപ്പൂക്കൾകൊണ്ട് അത്യാകർഷകമായി നിർമ്മിച്ചതാ. അതിന് മൂവായിരം രൂപായെങ്കിലും മുടക്കിക്കാണും. അതിലൊരു എഴുത്തുണ്ട്. അതുകൂടി വായിക്ക്.”

സർക്കിൾ ഇൻസ്പെക്ടറുടെ കൈയിൽനിന്നും മൊബൈൽ വാങ്ങുമ്പോൾ ടോണിയുടെ വിരലുകൾ വിറച്ചു. അവൻ ഉദ്വേഗത്തോടെ അതിൽക്കണ്ട എഴുത്ത് വായിച്ചു. പിന്നെ തലയുയർത്തി ഇൻസ്പെക്ടറെ നോക്കി.

“സാർ... ഇത്?”

“ഒരു കാര്യം കൂടെ ചോദിക്കട്ടെ. സ്നേഹം ഭാവിച്ച് ജീനായുടെ പിന്നാലെ നടന്ന ആരെങ്കിലുമുണ്ടോ?”

“ഇല്ല സാർ. അങ്ങനെയൊരു കാര്യം എനിക്കറിയില്ല.”

“നിനക്കറിയണമെന്നു നിർബന്ധമില്ല. എന്തായാലും ഈ പുഷ്പചക്രം വച്ചവൻ അവളെ തീവ്രമായി സ്നേഹിച്ചിരുന്നു. പോലീസ് അവനെ കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകാ. സകല പൂക്കടകളിലും മറ്റിടങ്ങളിലും അവനെ തിരയുകാ. ജീനാ മറ്റൊരാളുടെ ഭാര്യയായപ്പോൾ അവനു പകയുണ്ടാകാം. അവളെ ഇല്ലാതാക്കിയത് ഒരുപക്ഷേ അവനായിരിക്കാം.” സി.ഐ. മോഹൻ തോമസ് പറഞ്ഞു.

“എനിക്ക്... എനിക്കൊന്നും മനസ്സിലാകുന്നില്ല, സർ.” ടോണിയുടെ മുഖത്ത് വിയർപ്പുപൊടിഞ്ഞു. *(തുടരും)*



## വചനനാളം

**സെപ്റ്റംബർ 14**
**ഏലിയാസ്ലീവാ മൂശക്കാലം രണ്ടാം ഞായർ**
**സ്ലീവാ ഒന്നാം ഞായർ**

സംഖ്യ 21:4 – 9
ഏശ 42:13 – 17
1 കോറി 1:18 – 25
ലൂക്കാ 24:13 – 27

# കാൽവരിയിൽ ഉയർന്ന രക്ഷാകവചം





ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

ഏലിയക്കാലം, സ്ലീവാക്കാലം, മൂശക്കാലം എന്നിങ്ങനെ മൂന്നു കാലങ്ങളെ ചേർത്തിണക്കി ആചരിക്കുന്ന ഒരു ആരാധനാക്രമവത്സരത്തിലാണു നാം. ഏലിയ സ്ലീവാമൂശക്കാലത്തിലെ രണ്ടാം ആഴ്ചയായ ഇന്ന് സെപ്റ്റംബർ 14 കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസമാണ്. അതിനാൽ ഇന്നു മുതൽ സ്ലീവാക്കാലം ആരംഭിക്കുകയാണ്. ഇന്ന് സ്ലീവാക്കാലം ഒന്നാം ഞായറാഴ്ചയാണ്. എന്നാൽ, ഈ ഞായറാഴ്ച സെപ്റ്റംബർ 14 ആയതുകൊണ്ട് ഇന്നത്തെ വിചിന്തനത്തിന് ആരാധനക്രമപഞ്ചാംഗം നല്കിയിരിക്കുന്നത് കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനുള്ള വചനഭാഗങ്ങളാണ്. സ്ലീവാക്കാലം ഒന്നാം ഞായറാഴ്ചത്തെ വചനഭാഗങ്ങൾ നിയമ. 8:11-20; ഏശയ്യാ 33:13-24; ഫിലിപ്പി 2:1-11 മത്താ, 4:12-17-13 എന്നിവയാണ്. സ്ലീവായുടെ തിരുനാളിനെക്കുറിച്ചും അന്നേ ദിവസത്തിനുവേണ്ടിയുള്ള വചനഭാഗങ്ങളെക്കുറിച്ചുമാണ് ഈ ആഴ്ചയിൽ നാം വിചിന്തനം ചെയ്യുന്നത്.

സ്ലീവാകേന്ദ്രിതമായ മനുഷ്യജീവിതത്തെയും സ്ലീവായിലൂടെ യാഥാർഥ്യമായ രക്ഷയെയും സംസ്ഥാപിതമായ സ്വർഗരാജ്യത്തെയും വരാനിരിക്കുന്ന നിത്യമഹത്ത്വത്തെയും കുറിച്ച് ആരാധനസമൂഹം ധ്യാനവിഷയമാക്കുകയാണ് സ്ലീവാക്കാലത്തു ചെയ്യുന്നത്

വി. സ്ലീവായുടെ തിരുനാൾ സഭയിലെ വലിയ ഒരു തിരുനാളായി പൗരസ്ത്യസഭകളും പാശ്ചാത്യസഭയും വളരെ പ്രാചീനകാലംമുതൽ ആചരിച്ചിരുന്നതാണ്. സ്ലീവായുടെ മഹത്ത്വം പ്രഘോഷിക്കുന്നതിനൊപ്പം സഭയുടെ ചരിത്രത്തിലെ ഏതാനും സംഭവങ്ങൾ അനുസ്മരിക്കുന്ന ഒരു തിരുനാളുകൂടിയാണിത്. ഒന്നാമതായി, വിശുദ്ധ ഹെലേന ഈശോയുടെ കുരിശ് കണ്ടെത്തിയതും, ഈശോയുടെ തിരുക്കല്ലറയുടെ മുകളിലായി കോൺസ്റ്റന്റൈൻ ചക്രവർത്തി പണികഴിപ്പിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠയും ഈശോയുടെ കുരിശ് പരസ്യവണക്കത്തിനായി ആ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചതും അനുസ്മരിക്കുന്നു. ഏ ഡി 614ൽ ജറുസലെംദൈവാലയം പേർഷ്യൻ ആക്രമണത്തിനിരയാവുകയും ജറുസലെമിലെ പാത്രിയാർക്കീസും ജനങ്ങളുമെല്ലാം ബന്ദികളാക്കപ്പെട്ട് പേർഷ്യയിലേക്കു കൊണ്ടുപോകപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിനുശേഷം ഏ ഡി 629ൽ ജസ്റ്റീനിയൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ പേർഷ്യയിൽനിന്നു പാത്രിയാർക്കിനെയും ജനത്തെയും വിമോചിപ്പിച്ചു കൊണ്ടുവരുകയും വീണ്ടും സ്ലീവാ ജറുസലെംദൈവാലയത്തിൽ പരസ്യവണക്കത്തിനായി പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. ഇത് 629 സെപ്റ്റംബർ 14നായിരുന്നു. ഇപ്രകാരം രണ്ടുപ്രാവശ്യം ഈശോയുടെ കുരിശ് ജറുസലെംദൈവാലയത്തിൽ പരസ്യവണക്കത്തിനായി പ്രതിഷ്ഠിച്ചതിനെ അനുസ്മരിക്കുന്ന തിരുനാളാണ് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. സ്ലീവായാണ് രക്ഷയുടെ അടയാളം. സ്ലീവായിലൂടെയാണ് മനുഷ്യരക്ഷ യാഥാർഥ്യമായത്. സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ നമ്മുടെ കർത്താവിന്റെ മഹത്ത്വത്തിന്റെ പ്രഘോഷണമാണ്.

സ്ലീവായുടെ തിരുനാളിനോടനുബന്ധിച്ച് ഇന്നു പ്രഘോഷിക്കുന്ന സുവിശേഷഭാഗം എമ്മാവൂസിലേക്കു പോകുന്ന രണ്ടു ശ്ലീഹന്മാരെക്കുറിച്ചും അവർക്ക് ഈശോ പ്രത്യക്ഷപ്പെടുന്നതും അവിടുന്ന് അവരുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതുമാണ്. അവരുടെ സംഭാഷണത്തിനിടയിൽ ശിഷ്യന്മാർ ആ ദിവസങ്ങളിൽ നടന്നതിനെക്കുറിച്ചെല്ലാം ആധിയോടെ ഈശോയോടു പറയുമ്പോൾ അവിടുന്ന് പറയുന്നത്, മനുഷ്യപുത്രൻ ഇവയെല്ലാം സഹിച്ച് മഹത്ത്വത്തിലേക്കു പ്രവേശിക്കേണ്ടിയിരുന്നില്ലേ? എന്നാണ്. തന്റെ കുരിശുമരണത്തെ മഹത്ത്വത്തിലേക്കുള്ള പ്രവേശനമായാണ് ഈശോ കാണുന്നത്. സ്ലീവായുടെ തിരുനാൾ മഹത്ത്വീകൃതമായ മിശിഹായുടെ തിരുനാളാണ്. സ്ലീവാ എന്ന വാക്കിന്റെ അർഥം ക്രൂശിക്കപ്പെട്ടവൻ എന്നാണ്. കുരിശിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിക്കപ്പെട്ട ഉത്ഥിതനായ മിശിഹായെയാണ് സ്ലീവായുടെ തിരുനാൾ ആചരിക്കുന്നതിലൂടെ മഹത്ത്വപ്പെടുത്തുന്നത്. ആദിമസഭയിൽ സ്ലീവാ ഉപയോഗിച്ചിരുന്നത് ഉത്ഥിതനായ മിശിഹായെ പ്രതിനിധാനം ചെയ്യുന്നതിനായിരുന്നു. വിവിധങ്ങളായ രീതിയിൽ ശൂന്യമായ കുരിശ് ചിത്രീകരിച്ചുകൊണ്ട് മിശിഹായെ മഹത്ത്വപ്പെടുത്തുകയാണു ചെയ്തിരുന്നത്. എല്ലാ ആരാധനക്രമപാരമ്പര്യത്തിലും ഉത്ഥാനത്തെ സൂചിപ്പിക്കുന്ന ശൂന്യമായ കുരിശുകളാണ് ഉപയോഗിച്ചിരുന്നത്. ക്രൂശിക്കപ്പെട്ടവന്റെ രൂപത്തോടെ ആദിമസഭയിൽ സ്ലീവാ ഉപയോഗിച്ചിരുന്നില്ല. മധ്യനൂറ്റാണ്ടുകൾ മുതലാണ് ക്രൂശിതനായ മിശിഹായുടെ രൂപത്തോടെയുള്ള കുരിശുരൂപങ്ങൾ ഉപയോഗിച്ചു തുടങ്ങുന്നത്. മിശിഹായിലൂടെ യാഥാർഥ്യമായ രക്ഷയെയാണ് അതു സൂചിപ്പിച്ചിരുന്നത്. ആ രക്ഷയിലുള്ള പങ്കാളിത്തമായിരുന്നു ആരാധനക്രമം. അതിനാൽ സ്ലീവായുടെ മുമ്പിലായിരുന്നു എല്ലാ ആരാധനക്രമത്തിലും ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്തിരുന്നത്. ഉത്ഥിതനായ മിശിഹായുടെ പ്രതീകമായി മാർത്തോമ്മാനസ്രാണികളുടെയിടയിൽ ഉപയോഗിച്ചിരുന്ന സ്ലീവായായിരുന്നു മാർത്തോമ്മാസ്ലീവാ. മരണത്തെ കീഴടക്കി ഉത്ഥാനം ചെയ്ത് മനുഷ്യകുലത്തിനു പ്രത്യാശ നല്കിയ ഈശോമിശിഹായെയാണ് മാർത്തോമാസ്ലീവാ പ്രതിനിധാനം ചെയ്യുന്നത്.

സംഖ്യയുടെ പുസ്തകത്തിൽനിന്നുമുള്ള ഒന്നാമത്തെ പ്രഘോഷണത്തിൽ നാം കാണുന്നത് രക്ഷയുടെ അടയാളമായി ഉയർത്തപ്പെടാനുള്ള മിശിഹായുടെ സ്ലീവായുടെ പ്രതിരൂപമായി മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതിനെക്കുറിച്ചാണ്. മരുഭൂമിയിൽ മോശ പിച്ചളസർപ്പത്തെ ഉയർത്തിയതുപോലെ മിശിഹായും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്ന് യോഹന്നാൻ ശ്ലീഹാ എഴുതുമ്പോൾ മിശിഹായുടെ മഹത്ത്വപൂർണമായ കുരിശുമരണത്തെയും ഉത്ഥാനത്തെയുമാണ് സൂചിപ്പിക്കുന്നത്. മരുഭൂമിയിൽ പാപത്തിൽ വീണുപോയവർക്ക് രക്ഷയുടെ അടയാളമായ മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയെങ്കിൽ പാപത്തിൽ വീണുപോയ മനുഷ്യകുലത്തിനു രക്ഷ നല്കുന്നതിനുവേണ്ടി സ്ലീവാ ഉയർത്തപ്പെടുകയാണ്. മോശ ഉയർത്തിയത് രക്ഷയുടെ അടയാളം മാത്രമായിരുന്നുവെങ്കിൽ കാൽവരിയിൽ രക്ഷകൻ തന്നെ ഉയർത്തപ്പെടുകയാണ്. മരുഭൂമിയിൽ ഉയർത്തപ്പെട്ടത് രക്ഷയുടെ അടയാളംമാത്രമായിരുന്നു. രക്ഷ നല്കിയത് ദൈവമായിരുന്നു. എന്നാൽ, കാല്വരിയിൽ ഉയർത്തപ്പെട്ടത് രക്ഷ നല്കുന്നവൻതന്നെയായിരുന്നു. സ്ലീവായിലൂടെ രക്ഷ സാധ്യമായി.

ബാബിലോണിയായിലെ അടിമത്തത്തിൽനിന്നു കർത്താവ് വിജയശ്രീലാളിതനായ ഒരു യോദ്ധാവിനെപ്പോലെ ഇസ്രയേൽജനത്തെ വീണ്ടെടുത്ത് മഹത്ത്വത്തിലേക്കു നയിക്കുന്നതിനെക്കുറിച്ചാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ പ്രഘോഷണത്തിൽനിന്നു ശ്രവിക്കുന്നത്. അവരുടെ മുമ്പിലെ അന്ധകാരത്തെ പ്രകാശപൂരിതമാക്കിക്കൊണ്ട് അവരെ നയിക്കും എന്നാണ് കർത്താവ് പ്രവാചകനിലൂടെ അരുൾചെയ്യുന്നത്. മിശിഹായുടെ കുരിശിലൂടെ യാഥാർഥ്യമായ രക്ഷയാണ് പ്രവാചകവചസ്സുകളിൽ നിഴലിച്ചുകാണുന്നത്.

ലോകത്തിന്റെ മുമ്പിൽ ഭോഷത്തമായി കരുതിയിരുന്ന കുരിശിലൂടെ രക്ഷ നല്കിയതിനെക്കുറിച്ചാണ് കോറിന്തോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നത്. യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായ സ്ലീവായാണ് മനുഷ്യകുലത്തിനു രക്ഷയായി വർത്തിക്കുന്നത്. സ്ലീവായുടെ തിരുനാൾ ആചരിക്കുന്ന ഇന്ന് മിശിഹായിലൂടെ നല്കിയ രക്ഷ അനുഭവിക്കുന്നതിനും അത് ആരാധനയിലൂടെ പ്രഘോഷിക്കുന്നതിനുമാണ് തിരുസ്സഭ നമ്മെ ക്ഷണിക്കുന്നത്. സ്ലീവായാണ് രക്ഷ, സ്ലീവായിലൂടെയാണ് രക്ഷ. സ്ലീവായെ ആരാധിച്ചുകൊണ്ട് സ്ലീവായുടെ ശക്തിയാൽ മഹത്ത്വത്തിലേക്കു പ്രവേശിക്കാൻ നമുക്കു പരിശ്രമിക്കാം. മഹത്ത്വത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ഇടുങ്ങിയ വാതിലാണ് സ്ലീവാ. സ്ലീവായുടെ പാതയിൽ മുന്നേറുവാൻ സ്ലീവാക്കാലത്ത് നമുക്കു പ്രാർഥിക്കാം, ശക്തിനേടാം.

■

## പാലായിലെ യുവജനങ്ങളിൽ വലിയ പ്രതീക്ഷ: മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപത യൂത്ത് അസംബ്ലിക്ക് എസ്എംവൈഎം രൂപത പ്രസിഡന്റ് അൻവിൻ സോണി പതാക ഉയർത്തുന്നു.*

പാലാ: പാലായിലെ യുവജനങ്ങൾ കരുത്തന്മാരാണെന്നും അവരിൽ വലിയ പ്രത്യാശയുണ്ടെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത എപ്പാർക്കിയൽ യൂത്ത് അസംബ്ലിയുടെ രണ്ടാംദിനത്തിൽ യുവജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പാലാ രൂപത മുഖ്യ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റ് ഡയറക്ടർമാർ, വിവിധ ക്രൈസ്തവസംഘടനാപ്രതിനിധികൾ എന്നിവർ യുവജനങ്ങളുമായി സംവദിച്ചു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ ടി. ജോസ് താന്നിമല, ജോസഫ് വടക്കേൽ എന്നിവർ നേതൃത്വം നൽകി.

# ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ



കഥ

നിസാർ കല്ലുംപുറം

തൃപ്പൂണിത്തറ എരൂരിൽ നിന്നും പ്രിയസുഹൃത്തിനെ കണ്ട് മടങ്ങി. ഇനി വൈറ്റില എത്തണം. നടക്കാൻ തീരുമാനിച്ചു. നടത്തം ആരോഗ്യത്തിനു നല്ലതാണല്ലോ, സമയമുള്ള പ്പോൾ...

വൈറ്റില ജങ്ഷനിൽനിന്നു പാലക്കാട് ബസ്സുണ്ടാകും. സമയം 5.23 പി.എം. ഞാൻ നടക്കാനാരംഭിച്ചു.

അയാൾ മുഴുമിപ്പിച്ചില്ല.

ഓട്ടോ സ്റ്റാർട്ട് ചെയ്തുകൊണ്ട് അയാൾ പറഞ്ഞു:

"ഞാനിതാ ഇവിടെ സ്റ്റാൻഡിലുണ്ടാകും. നമ്മ എപ്പ വിളിച്ചോ അപ്പ വരും. താനെന്റെ നമ്പറ് വെച്ചോടോ." അയാൾ നമ്പർ പറഞ്ഞു.

ഞാൻ ഫോണെടുത്തു ഡയൽ ചെയ്യുമ്പോഴേക്കും ഓട്ടോ നീങ്ങിത്തുടങ്ങി.

ഞാൻ തിരിഞ്ഞുനടന്നു, ഹോസ്പിറ്റൽ വരാന്തയിലൂടെ. ഒരു നേഴ്സ് എതിരേ വന്നു.

"എത്ര നേരായീ നിങ്ങളെ അന്വേഷിക്കുന്നു. ഒരു പേഷ്യന്റിനെ ഇവിടെക്കൊണ്ടുവന്നിട്ട് നിങ്ങളെങ്ങോട്ടു പോയി? ദാ... ഈ മരുന്നു വാങ്ങിയിട്ടു വരൂ."

ഞാൻ മരുന്നു വാങ്ങിക്കൊടുത്ത് ഹോസ്പിറ്റൽ വരാന്തയിൽ നിന്നു മൊബൈൽ വാങ്ങി. റിങ് ചെയ്യുന്നുണ്ട്. ചെവിയോടു ചേർത്തു:

"താനെന്തു മനുഷ്യനാടോ... ടീവിയിലെ ജമന്തീം ചമന്തീം എന്ന പ്രോഗ്രാം കഴിഞ്ഞിട്ടേ എന്നെ വിളിക്കാവൂന്നു പറഞ്ഞിട്ടില്ലേ? പത്തു മണി കഴിഞ്ഞിട്ടു വന്നാ മതി."

"ഹലോ..." ഞാൻ ശബ്ദമുയർത്തി. "അജയകുമാറിന്റെ ഭാര്യയല്ലേ?"

"ആ അതെ... നിങ്ങളാരാണ്, ഇതെന്റെ ചേട്ടന്റെ നമ്പറാണല്ലോ?"

"ഹലോ... ഒരു നിമിഷം പറയുന്നതു മുഴുവൻ കേൾക്കൂ..." ഞാനെല്ലാം വിശദീകരിച്ചു.

"ഞാൻ ചേട്ടന്റെ കൈയിൽ ഫോൺ കൊടുക്കാം."

അയാൾ ഫോൺ വാങ്ങി ചെവിയോടു ചേർത്തു.

നടക്കുന്നതിനിടയിലാണ് ആ കാഴ്ച കണ്ടത്. എതിരേ വന്നൊരു ബൈക്ക്യാത്രികനു കുറുകെ വട്ടംചാടിയൊരു പട്ടി. അയാളും ബൈക്കും മറിഞ്ഞുവീണു.

പട്ടി ഒന്നു കിടന്നുരുണ്ടു. പിന്നെ എങ്ങോട്ടോ ജീവനും കൊണ്ടോടി. ഇതു കണ്ട ഞാൻ ഓടിച്ചെന്ന് അയാളെ എഴുന്നേല്പിക്കാൻ ശ്രമിച്ചു. കൂടെ സഹായത്തിനെത്തി വാഹനയാത്രികരും കാൽനടക്കാരും. എതിരേ വന്നൊരു ഓട്ടോയിൽ അയാളെ കയറ്റിയിരുത്തി ഞാനും കയറി. പിന്നീട് അയാളെ താങ്ങിക്കൊണ്ടു കൂടിനിന്നവരോടു ചോദിച്ചു: "ആരെങ്കിലും വരുമോ?"

തിരക്കിന്റെ കൂടുതലും കുറവും. തിരക്കുകൾ പറഞ്ഞ് ഓരോരുത്തരും പോയി.

അയാൾ തീർത്തും അവശനായിത്തീർന്നു.

"ചേട്ടാ നേരേ ഏതെങ്കിലും ഹോസ്പിറ്റലിലേക്ക്."

ഞാൻ ഓട്ടോ ഓടിക്കുന്ന ചേട്ടനോടായി പറഞ്ഞു. ഓട്ടോ മുന്നോട്ടുനീങ്ങി.

വണ്ടി കുറച്ചു വഴി നീങ്ങിയപ്പോൾ നല്ല ഗതാഗതക്കുരുക്ക്.

വണ്ടി തിരിച്ചു. കുറച്ചു വളഞ്ഞ വഴിയാണ്. എങ്കിലും തിരക്കുണ്ടാകില്ല. ഓടിക്കുന്നതിനിടയിൽ ഓട്ടോച്ചേട്ടൻ പറഞ്ഞു:

"ചേട്ടാ, എങ്ങനെ ഏതു വഴിയാണെങ്കിലും പെട്ടെന്നു ഹോസ്പിറ്റലിൽ എത്തണം."

എന്റെ ഷർട്ടിലെല്ലാം അയാളുടെ ദേഹത്തുനിന്നുള്ള രക്തം. അയാളുടെ കണ്ണുകൾ അടഞ്ഞു വന്നു. ഓട്ടോ ഹോസ്പിറ്റലിന്റെ മുന്നിൽ കൊണ്ടുനിർത്തി. ബോധരഹിതനായ അയാളെ ഞാനും ഹോസ്പിറ്റൽ അറ്റൻഡേഴ്സും ചേർന്ന് താങ്ങിയെടുത്ത് സ്ട്രെച്ചറിൽ കിടത്തി. സ്ട്രെച്ചർ വേഗത്തിൽ ഹോസ്പിറ്റൽ വരാന്തയിലൂടെ അത്യാഹിതവിഭാഗം എന്ന ബോർഡിനു പിറകിലുള്ള റൂമിനുള്ളിലേക്ക്.

ഞാൻ തിരികെനടന്ന് ഓട്ടോക്കരികിലെത്തി.

"ചേട്ടാ എത്രയായി ഓട്ടോചാർജ്?"

ഓട്ടോ ഓടിച്ചു ഹോസ്പിറ്റലിലെത്താൻ സഹായിച്ച ആ ചേട്ടൻ എന്നോടു പറഞ്ഞു: "വേണ്ടടോ വേണ്ട. ഒരു ബൈക്കപകടത്തിലാ എന്റെ മോനും..."

ഇരുന്നു.

ഒരു നേഴ്സ് വന്നു: "അജയകുമാറിനെ കൊണ്ടുവന്ന ആളല്ലേ? നിങ്ങളെ ഡോക്ടർ വിളിക്കുന്നു."

ഞാൻ ഡോക്ടർ അനൂപ് നമ്പ്യാരുടെ മുന്നിലെത്തി.



ഡോക്ടർ എന്നെ നോക്കി ചിരിച്ചു: "അജയകുമാറിന് ഇപ്പോൾ കുഴപ്പമൊന്നുല്യ. പിന്നെ കാലൊന്നൊടിഞ്ഞു പ്ലാസ്റ്റർ ഇട്ടിട്ടുണ്ട്. പിന്നെ രണ്ടുമൂന്നു ദിവസം കഴിഞ്ഞേ പോകാൻ കഴിയുള്ളൂ."

"ഡോക്ടർ എനിക്ക്..." ഞാൻ പറയാനൊരുങ്ങി.

"അയാളുടെ വീട്ടിൽനിന്നും ആരെങ്കിലും വന്നിട്ടു പോയാൽ മതി."

ഞാനെഴുന്നേറ്റു. വീൽ ചെയറിൽ ഇരുത്തിക്കൊണ്ടുവരുന്ന അജയകുമാർ എന്നെ നോക്കി കൈകൾ കൂപ്പാനൊരുങ്ങി, വേദനപുരണ്ട ചിരിയോടെ.

റൂം നമ്പർ മുപ്പത്തിയൊന്നിൽ അയാളെ ബെഡ്ഡിലിരുത്താൻ ഞാൻ സഹായിച്ചു.

സാവധാനം ബെഡ്ഡിലേക്കു കാൽനീട്ടി വച്ചു. സമയം 9.19 പി.എം. അയാളെന്തോ ചോദിക്കാനൊരുങ്ങി.

"എന്റെ ബൈക്കെവിടെ...?"

"അതടുത്തുള്ള വീടിനോടു ചേർത്തുവച്ചിട്ടുണ്ട്."

അയാൾ ചോദിക്കാനൊരുങ്ങിയത് അതല്ല എന്നെനിക്കു മനസ്സിലായി.

"അല്ലാ... ചേട്ടന്റെ വീട്ടിലേക്കൊന്നു വിളിക്കണ്ടേ?"

അയാൾ ഒന്നും മിണ്ടിയില്ല. അയാളുടെ മൊബൈൽ ഫോണിന്റെ ഗ്ലാസ്സ് ചിന്നിയിരിക്കുന്നു.

"ചേട്ടാ ഫോൺ തരൂ..." അയാൾ നമ്പർ ഡയൽ ചെയ്ത് എന്റെ നേരേ നീട്ടി.

"ചേട്ടൻതന്നെ പറഞ്ഞോ."

"അതുവേണ്ട ഭായ് നിങ്ങളട്ട് പറ."

ഞാൻ അയാളുടെ കൈയിൽ നിന്നു മൊബൈൽ വാങ്ങി...

ഞാൻ അയാളെ നോക്കി പറഞ്ഞു: "ഞാനെന്തെങ്കിലും കഴിക്കാൻ വാങ്ങിയിട്ടു വരാം."

ഞാൻ പുറത്തേക്കിറങ്ങി. പിറ്റേന്നു രാവിലെ ഹോസ്പിറ്റൽ വരാന്തയിലൂടെ ഒരു സ്ത്രീ നടന്നു വരുന്നു. കൂടെ ഒരു പതിനഞ്ചു വയസ്സുകാരി മകളും. അവർ റൂമിനു മുന്നിലെത്തി.

'ചേട്ടാ..എന്താണു പറ്റീത്? ചേട്ടാ... എന്താണെന്ന്. ചേട്ടന്റെ കാലെങ്ങനെയുണ്ടു ചേട്ടാ...'

അതുകേട്ട് അയാൾ ചിരിച്ചു: "ചേട്ടന്റെ കാല് ജമന്തീം ചമന്തീം."

പതിനഞ്ചുവയസ്സുകാരി മകൾ അമ്മയുടെ കൈയിൽനിന്നു മൊബൈൽ വാങ്ങി. "അമ്മാ... ഇനിയൊരു സെൽഫിയെടുക്കാം."

"ചേട്ടാ... നിങ്ങ ശരിക്ക് ഇരിക്ക്."

"അമ്മാ... അച്ഛന്റെ പ്ലാസ്റ്ററിട്ട കാല്."

ആ റൂമിൽ റീൽസിനുവേണ്ടിയുള്ള ഒരുക്കങ്ങൾ.

അപകടമാഘോഷമാക്കുന്ന അവരെനോക്കി ഞാൻ യാത്ര പറഞ്ഞിറങ്ങി.

പോക്കറ്റിൽനിന്നും സ്വിച്ച് ഓഫാക്കി വച്ച മൊബൈൽ ഫോണെടുത്ത് ഓണാക്കി.

പ്രിയപത്നിയുടെ നമ്പർ ഡയൽ ചെയ്തു:

"എന്താ മാഷേ... ഞാനിവിടെ വിഷമിച്ചിരിക്ക്യാർന്നു എന്നല്ലേ പറയാനൊരുങ്ങിയത്. ഞാൻ പാലക്കാട്ടെത്തീട്ട് വിളിക്കാം." അവൾ ഫോൺ കട്ടാക്കി.

■

---

കവിത — എം.എസ്. ചാമക്കാല

## സ്നാപകശാസനം

യോർദാൻ നദിക്കരെയെത്താം നമുക്കിപ്പോൾ
യോഗീന്ദ്രമൗലിയോടൊത്തു ചേരാം
യോഹന്നാനാണവൻ സ്നാപകനാണവൻ
യേശുവിൻ പാതയൊരുക്കിടുന്നോൻ!
ലോകസുഖങ്ങളെ പാടേ വെടിഞ്ഞും വൻ
ഗഹ്വരം തന്നിൽ തപസ്സിരുന്നു.
ഈശപദാബ്ജം തൻ ഹൃദയാന്തർവേദിയി-
ലീടുറ്റ ഭക്തിയോടാരാധിച്ചും
കാമാദിവൈകൃതം തള്ളിക്കളഞ്ഞവൻ,
ധീമാനവനൊരു ദീർഘദർശി!
ചെഞ്ചെമ്മേ തോളറ്റം നീണ്ടുകിടക്കുമാ
ചെഞ്ചിട താപസഭൂഷണം താൻ!
ശ്മശ്രുക്കൾ തിങ്ങുന്ന വക്ത്രത്തിൻ ഗാംഭീര്യം
മറ്റൊന്നിനൊപ്പമെന്നെണ്ണിക്കൂടാ
ഘോരമാം താപസനിഷ്ഠയ്ക്കു പാത്രമാ-
മക്കൃശഗാത്രമനാസ്ഥയോടെ
ഏറ്റം പരുപരുത്തൊട്ടകരോമത്താൽ
വേഷ്ടി ധരിച്ചവൻ യതിവര്യൻ
ശർമ്മം വെടിഞ്ഞവൻ ധർമം ധരിച്ചവൻ
ചർമ്മത്താലരവാറുറപ്പിച്ചവൻ
അന്നാ നദീതീരത്തെത്തി പതിവുപോ-
ലന്നമാം ദൈവവചനമേകാൻ
താപസൻ തന്നുടെ ഭാഷണ ഭക്ഷണ-
മാസ്വദിപ്പാനനേകരെത്തി;
മാനത്തു മിന്നുന്ന ഭാനുവിൻ ചുറ്റിലും
ചൂഴുന്ന താരങ്ങളെന്നപോലെ!
അപ്പുരുഷേന്ദ്രന്റെ ഗീരുവാം ദോലയി-
ലിപ്പാരിലാടാത്ത മർത്ത്യരുണ്ടോ!!!
* * * * *
നേത്രങ്ങളാലേ സുസ്വാഗതമോതിക്കൊ-
ണ്ടെത്രയും സക്തനായോതി ധന്യൻ
വത്സലശിഷ്യരേ, ഭ്രാതാക്കളേ! നിങ്ങ-
ളുത്സാഹമാർന്നു ശ്രവിച്ചിടുവിൻ
പാപം വെടിയുവിൻ, പശ്ചാത്തപിക്കുവിൻ
പാവനപാത തിരഞ്ഞിടുവിൻ
ആദ്യന്തഹീനനമേയനാം ദൈവത്തി-
ലത്യന്തം വിശ്വാസമർപ്പിക്കുവിൻ!
എബ്രഹാം തങ്ങൾക്കു താതനായുണ്ടല്ലോ-
യെന്നു ചൊല്ലിയൂറ്റം കൊള്ളവേണ്ട!
ഇക്കാണും കല്ലിൽനിന്നെബ്രാഹത്തിനായ്
മക്കളെ നല്കാനുമീശനാകും!
സംഭോഗ സംഭ്രാന്തി ബാധിച്ചുഴലുന്നു
സംസാരവീഥിയിൽ നിങ്ങളിപ്പോൾ!
കാടത്തം പേറി നയിക്കുന്ന ജീവിതം
പാടേ ത്യജിക്കുവിനല്ലായ്കിലോ
സർപ്പത്തിൻ സന്തതിവൃന്ദമേ! നിങ്ങളിൽ
സർവോത്തമനാകും സർവശക്തൻ
നീതിജ്ഞൻ, നീതിനിയമങ്ങൾ പാലിക്കു-
മാരാണൊരാശ്രയം നിങ്ങൾക്കപ്പോൾ?
കായ്ക്കാത്ത വൃക്ഷച്ചുവട്ടിലേക്കെത്തുന്നു
കോടാലി; നിങ്ങളും കണ്ടുകൊൾവിൻ!
സൽഫലമേകാത്ത ശാഖികളൊന്നാകെ-
യഗ്നിക്കിരയാക്കും തീർച്ചയല്ലോ!
വീശുന്നു, കൂട്ടുന്നു കോതമ്പറയ്ക്കുള്ളിൽ
പതിരോ ചെന്തീയിൽ വെന്തുനീറും
കള്ളം കളഞ്ഞുള്ളം കണ്ണീർ നിറച്ചോർക്കായ്
വെള്ളത്താൽ സ്നാനം ഞാൻ നല്കി,യെന്നാൽ
എന്നുടെ പിന്നാലെയെന്നെക്കാൾ ശക്തനാ-
മെന്നെന്നുമുള്ളവനെത്തിടുമ്പോൾ
പാവനാത്മാവിനാൽ ജ്ഞാനസ്നാനം നല്കും
ഞാനോ വെറുമൊരു പാദദാസൻ!
സ്വർഗത്തിൻ വാതിൽ തുറന്നവനെത്തുന്നു
സ്വസ്ഥൻ, സമസ്തവും കാണുന്നവൻ
നീതി പാലിച്ചു വിധിക്കുവാനെത്തുന്നു
ന്യായവിധിക്കു സമയമായി!
പശ്ചാത്തപിക്കുവിൻ പരിശുദ്ധരാകുവിൻ
പ്രാപ്യമായീടട്ടെ ദൈവരാജ്യം.



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 18

ബാലനോവൽ

പുഷ്പമ്മ ചാണ്ടി



നോവലിസ്റ്റ്

വഴിയിൽ മിക്കയിടവും ഇരുട്ടാണ്, റോഡ് വളഞ്ഞാണു പോകുന്നത്. കുട്ടികൾ രണ്ടുപേരും കൈകൾ കോർത്തുപിടിച്ചിരുന്നു. ആകെ ക്ഷീണിച്ചിരിക്കുന്നു. സാധാരണ നാല്പതു മിനിട്ടു മതി അവിടെയെത്താൻ ഇരുട്ടും ചാറ്റൽമഴയും കാരണം പള്ളിയെത്തിയപ്പോൾ ഒൻപതു കഴിഞ്ഞു.

പള്ളിയും ചുറ്റുപാടും വിജനം, മുമ്പിൽ ഒരു ലൈറ്റ് കത്തുന്നുണ്ട്. പള്ളിയിൽ എത്തിയതും കുട്ടികൾ രണ്ടുപേരും ചാടിയിറങ്ങി.

''നിങ്ങൾ അകത്തുകയറിപൊക്കോ, അച്ചനു നിങ്ങൾ വരുന്നത് അറിയാമല്ലോ ഇല്ലേ?"

അറിയാമെന്നു തലയാട്ടി അവർ.

അവർ നടന്നുനീങ്ങിയതും അയാൾ ചോദിച്ചു:

"ഞാൻ കൂടെ അകത്തേക്കു വരണോ, അച്ചൻ താമസിക്കുന്നത് ഇവിടെത്തന്നെയല്ലേ?"

ആണെന്നവർ മൂളി. അയാൾ വണ്ടി ഓടിച്ചു തിരികെപ്പോയി.

ഐവാൻ സന്തോഷത്തോടെ പള്ളിയുടെ വാതിൽ തുറക്കാൻ നോക്കി. പക്ഷേ, പള്ളിയുടെ എല്ലാ വാതിലുകളും അടച്ചിട്ടാണ്, തുറക്കാൻ സാധിക്കുന്നില്ല.

ശക്തിയായ മഴയുടെ കൂടെ കാറ്റും. പെട്ടെന്ന് എല്ലായിടവും ഇരുട്ടായി. മുമ്പിൽ തെളിഞ്ഞ ലൈറ്റും കെട്ടിരിക്കുന്നു, ദൂരെ നായ്ക്കൾ കുരയ്ക്കുന്നു, ഓലിയിടുന്നു.

ഐവാൻ ശബ്ദം താഴ്ത്തി ചോദിച്ചു:

"ഈ പള്ളിയെന്താ, അടച്ചിട്ടിരിക്കുന്നത്, അച്ചന്മാർ എവിടെയാണോ താമസിക്കുന്നത്?"

"നിനക്കറിയില്ലേ?" പ്രസാദ് ചോദിച്ചു.

"ഞാൻ അച്ചന്മാർ താമസിക്കുന്നിടം കണ്ടിട്ടില്ല."

"പിന്നെയെന്തിന് നീ ഓട്ടോ ച്ചേട്ടൻ ചോദിച്ചപ്പോൾ തലയാട്ടിയത്?"

മഴയും കാറ്റും ഭയവും! പ്രസാദിന്റെ കുറ്റപ്പെടുത്തുന്ന ശബ്ദംകൂടി കേട്ടപ്പോൾ ഐവാൻ കരയാൻ തുടങ്ങി.

"നീ ഇങ്ങനെ കരയാതെ, എനിക്കും പേടിയാകുന്നു, നമ്മളെ വല്ല പിശാചും പിടിക്കുമോ?"

അതുകേട്ടപ്പോൾ ഐവാൻ തന്റെ കരച്ചിലിന്റെ ശബ്ദം കൂട്ടി.

"ഐവാനേ, ഞാൻ വെറുതെ പറഞ്ഞതാ. പള്ളിയിൽ പിശാചുക്കൾ വരില്ല, നമ്മൾ സേഫ് ആണ്. നീ ഇങ്ങനെ കരയാതെ." പ്രസാദ് അവനെ ചേർത്തുപിടിച്ചു.

"നമ്മളെ കാണാഞ്ഞിട്ട് വീട്ടിൽ എല്ലാവരും വിഷമിക്കുന്നുണ്ടാവും, അമ്മൂമ്മയാണ് എനിക്കു കാശു തന്നതെന്ന് അറിഞ്ഞാൽ, അമ്മ അമ്മൂമ്മയെ വഴക്കു പറയും." പ്രസാദ് പറഞ്ഞു.

"എന്റെ വീട്ടിൽ അമ്മയും പപ്പയും ഇപ്പോൾ കരയുന്നുണ്ടാവും. വീട്ടിൽ പറയാതെ വന്നത്, മാലാഖമാർക്ക് ഇഷ്ടമായിക്കാണില്ല, നല്ല കുട്ടികൾ അങ്ങനെ ചെയ്യില്ല." ഐവാൻ പറഞ്ഞു

''എനിക്കു ദാഹിക്കുന്നു, പിന്നെ വിശപ്പുമുണ്ട്."

"എനിക്കും."

പള്ളിയുടെ മുൻവശത്തു വെള്ളം വീഴാത്ത സ്ഥലത്ത്, രണ്ടുപേരും കിടന്നു.

ദാഹവും വിശപ്പും ക്ഷീണവും കൊണ്ടവർ ഉറങ്ങിപ്പോയി.

ഉറക്കത്തിൽ പിങ്ക്ളാങ്കിയെ കാണാൻ മാലാഖമാർ വന്നു. അവർ അവനോടു ചോദിച്ചു:

"വീട്ടിൽ പറയാതെ വന്നതു ശരിയാണോ?"

"അല്ല."

"ഇനി ഇങ്ങനെ ചെയ്യുമോ?"

"ഇല്ല."

''ചെറിയകുട്ടികൾ, ഇങ്ങനെ ചെയ്യരുത്. പപ്പയും അമ്മയും അറിയാതെ എവിടെയും പോകരുത്. മനസ്സിലായോ?"



അവൻ അവരെ തൊടാൻ കൊതിച്ചെങ്കിലും അതിനുമുമ്പേ അവർ മറഞ്ഞുപോയി.

തങ്ങളെ പറ്റിച്ച, ആ ബിനോയ്ച്ചേട്ടനെ പൊലീസിനെക്കൊണ്ടു പിടിപ്പിക്കണം എന്നു പറയാൻ വിചാരിച്ചു. പക്ഷേ, മാലാഖമാർ, വേഗം പോയില്ലേ?

ആരോ തങ്ങളെ തട്ടിവിളിച്ചപ്പോഴാണ്, രണ്ടുപേരും എഴുന്നേറ്റത്. മഴ പോയി, നേരം കുറേശ്ശെ വെളുക്കാൻ തുടങ്ങി.

പള്ളിയിലെ അച്ചനാണ് മുമ്പിൽ നിൽക്കുന്നത്.

''വീട്ടുകാരെ വിഷമിപ്പിച്ചു, മാലാഖമാരെ കാണാൻ പുറപ്പെട്ടു വന്ന വിദ്വാന്മാർ ഇല്ലേ?"

രണ്ടുപേരും ഉത്തരം പറഞ്ഞില്ല.

"എന്തിനാ ഇവിടെ കിടന്നത്? പുറകിൽ പള്ളിമേട ഉണ്ടായിരുന്നു, അങ്ങോട്ടു വരാൻ പാടില്ലായിരുന്നോ?"

''ഞങ്ങള് ഇവിടെ എത്തിയപ്പോൾ, മഴ പെയ്തു, പിന്നെ കറണ്ടും പോയി."

"എന്റെ കൂടെ വാ , നിങ്ങളുടെ വീട്ടുകാർ ഇങ്ങോട്ടു വന്നുകൊണ്ടിരിക്കുകയാണ്, കുറച്ചു സമയത്തിനുള്ളിൽ എത്തും, കൂടെ പോലീസുമുണ്ട് കേട്ടോ."

അച്ചൻ കൂടുതൽ ഒന്നും പറയാതെ, അവരെ കൂട്ടിക്കൊണ്ടുപോയി, മുഖം കഴുകിച്ചു.

കപ്യാരോട് കുട്ടികൾക്കു കുടിക്കാൻ പാലും റസ്കും കൊടുക്കാൻ പറഞ്ഞു.

"കുർബാനയ്ക്കു നേരമായി, കഴിച്ചിട്ട്, പള്ളിയിലേക്കു വരൂ, അപ്പോഴേക്കും വീട്ടുകാരും എത്തും."

പള്ളിയിലേക്കു പോകുമ്പോൾ പ്രസാദ് പറഞ്ഞു:

"പോലീസ് നമ്മളെ വഴക്കു പറയും, അമ്മ അടിക്കുമായിരിക്കും."

''ഇല്ല ചേട്ടാ, മാലാഖമാർ നമ്മളെ വഴക്കും അടിയും വാങ്ങിത്തരാതെ ഹെല്പ് ചെയ്യും."

പള്ളിയിൽനിന്നും ഗാനം ഒഴുകിയെത്തി.

രണ്ടുപേരും പള്ളിയിലേക്കു പ്രവേശിച്ചു. ഏറ്റവും മുമ്പിലത്തെ ബെഞ്ചിൽ ഇരുന്നു.

പള്ളിയിൽ ആളുകൾ കുറവായിരുന്നു.

തന്റെ സ്വന്തം മാലാഖമാരെ കണ്ടതും, സന്തോഷംകൊണ്ടു മതിമറന്നു. ഐവാൻ പ്രസാദിന്റെ ചെവിയിൽ പറഞ്ഞു: "അൾത്താരയുടെ ഇടത്ത് ഗബ്രിയേൽ, പിന്നെ ഏരിയൽ, വലത്തു റാഫിലും, ജോഫിൽ മാലാഖമാരും, സെന്ററിൽ നിൽക്കുന്നതാണ് മെയിൻ മാലാഖ മിഖായേൽ. എന്തു ഭംഗിയാണ് അവരെ കാണാൻ ഇല്ലേ?"

രണ്ടുപേരും സംസാരിക്കുന്നതു കണ്ടപ്പോൾ, അച്ചൻ അവരെ നോക്കി.

കുർബാന കഴിഞ്ഞ് അച്ചൻ അൾത്താര വിട്ടപ്പോൾ, ഐവാൻ ഓടി അങ്ങോട്ടു കയറി. എന്നിട്ട് പ്രസാദിനെയും വിളിച്ചു. ഓരോ രൂപങ്ങളും തൊട്ട് അവരുടെ പേരുകൾ ഉരുവിട്ടു.

"എന്നോടു ബൈ പറയാതെ പോയില്ലേ."

സന്തോഷവും കരച്ചിലും, മഴയും വെയിലുംപോലെ വന്നുകൊണ്ടിരുന്നു.

ഗബ്രിയേൽമാലാഖയോട് അവൻ പറഞ്ഞു:

''ഞാൻ പിണങ്ങി, എന്നെ വിട്ടിട്ടു പോയില്ലേ, ഇവിടെവരെ എത്താൻ ഞങ്ങൾ എത്ര പാടുപെട്ടെന്ന് അറിയുമോ?"

മാലാഖ അവനോടു ചോദിച്ചു: ''നീ ചെയ്തതു തെറ്റല്ലേ? ആരോടും പറയാതെ ഇത്ര ദൂരം വന്നത്, കുട്ടികൾ തനിയെ വരാൻ പാടുണ്ടോ?"

അതിന് ഉത്തരം പറയാതെ, വക്കാലത്തിനായി റാഫേൽ മാലാഖയെ നോക്കി.

"നീ എന്നെ നോക്കേണ്ട, ഞാനും അതേ പറയൂ, ഇനി തെറ്റ് ആവർത്തിക്കരുത്, മനസ്സിലായോ?"

"ചേട്ടൻ കേട്ടോ, നമ്മൾ തനിയെ വന്നതു ശരിയായില്ല എന്നു മാലാഖമാർ പറയുന്നു." ഐവാൻ പ്രസാദിനോടു പറഞ്ഞു:

''നീ പറയുന്നതു മാത്രമേ ഞാൻ കേൾക്കുന്നുള്ളു, മാലാഖമാർ, അങ്ങനെ നിൽക്കുകയായാണ്, ഒന്നും പറയുന്നില്ല."

"ചേട്ടൻ ശ്രദ്ധിക്കാഞ്ഞിട്ടാ, മാലാഖമാർ, എന്നോടു പറഞ്ഞു."

"ശരി, നീ പറഞ്ഞത് ഞാൻ വിശ്വസിച്ചു, പക്ഷേ, ഇനിയൊരു ഒളിച്ചോട്ടത്തിനു ഞാനില്ല എനിക്കു മതിയായി."

ആരോ അപ്പോൾ വിളിച്ചു പറഞ്ഞു:

"ഈ കുട്ടികൾ എന്താ, അൾത്താരയിൽനിന്നു സംസാരിക്കുന്നത്?"

പള്ളിവികാരി ആ സമയം, രണ്ടുപേരുടെയും മാതാപിതാക്കളെ കൂട്ടി ദേവാലയത്തിന്റെ ഉള്ളിലേക്കു വന്നു. അവർ തങ്ങളുടെ കുട്ടികളെ ആലിംഗനം ചെയ്തു.

''ഞങ്ങളെ തീ തീറ്റിക്കാൻ രണ്ടുപേരും കൂടെ നല്ല പണിയാണു ചെയ്തത്." ആശ പറഞ്ഞു.

കുറെ നാളുകൾക്കുശേഷം പ്രസാദിനെ അമ്മ ചേർത്തുപിടിച്ചു. അവന്റെ നെറ്റിയിലും തലയിലും അവർ മാറി മാറി ചുംബിച്ചു. കണ്ണീരിൽ കുതിർന്ന ഉമ്മകൾ.

കൂടെ ഐവാനും പ്രസാദും കരയാൻ തുടങ്ങി.

"കരയാതെ, ഇനി ഒരിക്കലും ഇങ്ങനെ ചെയ്യരുത്, കേട്ടല്ലോ." ഫിലിപ്പാണത് പറഞ്ഞത്.

വികാരിയച്ചൻ, മാതാപിതാക്കളോടായി പറഞ്ഞു:

"കുട്ടികളെ വഴക്കു പറയരുത്, അവർക്കു കാവലായി മാലാഖമാർ ഉണ്ടായിരുന്നു, അതാണല്ലോ, ഇത്രയും പ്രശ്ങ്ങളുടെ നടുവിൽ ഇവിടെ എത്തിയത്."

"പള്ളിമേടയിൽ പ്രാതൽ ഒരുക്കിയിട്ടുണ്ട്, കഴിച്ചിട്ടു പോകാം."

കഴിച്ചു കൈകഴുകിയപ്പോൾ, ഇൻസ്പെക്ടർ ഫോൺ വിളിച്ചിട്ടു, ബിനോയിയെ കിട്ടിയെന്നറിയിച്ചു. വണ്ടിക്കു മാസം അടയ്ക്കാനുള്ള പൈസ ഇല്ലാതെ വിഷമിച്ചപ്പോഴാണ് കുട്ടികളുടെ കൈയിൽ പൈസയുണ്ടെന്ന് അവനു മനസ്സിലായത്.

ജോസിച്ചായൻ അവന്റെ പേരിൽ കേസെടുത്തു, രണ്ടുദിവസം അകത്തുകിടക്കട്ടെ എന്നു പറഞ്ഞെങ്കിലും, മാതാപിതാക്കൾ അതു വേണ്ടായെന്നു പറഞ്ഞു.

"കുഴപ്പൊമൊന്നും ഇല്ലാതെ കുട്ടികളെ തിരിച്ചുകിട്ടിയല്ലോ അതുമതി."

അമ്മാച്ചന്മാരും മാതാപിതാക്കളും കുട്ടികളും അച്ചനോടു യാത്ര പറഞ്ഞു പോകാൻ തുടങ്ങി.

അതിനുമുമ്പേ ദേവാലയത്തിൽനിന്ന് അവർ കുറെ ഫേട്ടാകൾ എടുത്തു.

പിങ്ക്ളാങ്കി എല്ലാ മാലാഖമാരുടെയും കൂടെനിന്നു ഫോട്ടോ എടുത്തു. എത്ര എടുത്തിട്ടും അവനു മതിയായില്ല.

തിരികെ വണ്ടിയിൽ കയറുന്നതിനുമുമ്പേ പിങ്ക്ളാങ്കി ഒന്നുകൂടെ ഓടി ദേവാലയത്തിൽ കയറി.

"ഇവനെക്കൊണ്ട് ഞാൻ മടുത്തു, നീ പള്ളീലച്ചന്റെ കൂടെ നിന്നോ."

"അമ്മ കളിയാക്കി.

ദേവാലയത്തിലെ അൾത്താരയിൽ ഒരിക്കൽകൂടി അവൻ പ്രവേശിച്ചു.

അപ്പോൾ മാലാഖമാർ പിങ്ക്ളാങ്കിയോടു പറഞ്ഞു:

''ഞങ്ങളെ കാണാൻ നീ ആഗ്രഹിക്കുമ്പോൾ, ഒന്നു കണ്ണടച്ചാൽ മതി, നിനക്കു ഞങ്ങളെ കാണാം, ഇത്ര ദൂരം നീ വരേണ്ട, നമ്മൾ ഫ്രണ്ട്സ് അല്ലേ?"

അവൻ തലയാട്ടി.

"ഇനി ഇങ്ങനെ ചെയ്യുമോ, തനിയെ യാത്ര ചെയ്തു വരുമോ, വലിയ കുട്ടിയാകുമ്പോൾ തനിയെ വന്നാൽ മതി."

"ശരി."

സത്യത്തിൽ നിങ്ങൾക്കു ടിക്കറ്റ് വാങ്ങി, ഭക്ഷണം വാങ്ങിത്തന്ന്, സുരക്ഷിതരായി നിങ്ങളെ ഇവിടെ എത്തിക്കാൻ സഹായിച്ച, ആന്റി ഉണ്ടല്ലോ, അവരും മാലാഖയാണ്, ഭൂമിയിലെ മാലാഖ. നീയും അങ്ങനെ ഒരാളാകണം, എല്ലാവരെയും സഹായിക്കുക, പരസ്പരം സ്നേഹിക്കുക. പ്രസാദ്, നിന്റെ സന്തോഷത്തിനായിട്ട് ഇവിടെവരെ വന്നില്ലേ? അവനും ഒരു മാലാഖയാണ്, പക്ഷേ, മാതാപിതാക്കളുടെ അനുവാദം ഇല്ലാതെ ഇങ്ങനെ ഒന്നും ചെയ്യാൻ പാടില്ല. ഐവാൻ എന്ന പിങ്ക്ളാങ്കിക്കു മനസ്സിലായോ?"

അവർ അവനെ കെട്ടിപ്പിടിച്ചു.

'ഏൻജൽസ് ഹഗ്.' പിങ്ക്ളാങ്കിപതുക്കെപ്പറഞ്ഞു:

വണ്ടിയിൽ കയറിയപ്പോൾ പ്രസാദ് അവന്റെ ചെവിയിൽ പറഞ്ഞു.

'എടാ കൊച്ചുകള്ളാ, നീ എന്നോടു ചുമ്മാ പറഞ്ഞതാ, മാലാഖമാർ സംസാരിക്കുമെന്ന് ഇല്ലേ?"

"സംസാരിക്കും. ചിലപ്പോൾ ചേട്ടനതു കേട്ടില്ലായിരിക്കും, അവർ എന്നോടു പറഞ്ഞല്ലോ, ചേട്ടനും ഒരു മാലാഖയാണെന്ന്."

"ഓ പിന്നെ, പോടാ."

"സത്യം ചേട്ടാ."

അങ്ങനെ ആ സാഹസിക യാത്ര അവസാനിപ്പിച്ച് അവർ വീട്ടിലേക്കു മടങ്ങി.

(അവസാനിച്ചു)

Deepanalam Weekly

RNI No : 16998/68
Vol. 58 No. 27 Date of Publication 4 September 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org